കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ബളാൽ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്**

**e-mail: doksd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി10/155/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 11-03-2020.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

ബളാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ബളാൽ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ 1, ,3 എന്നീ ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി10 /155/2020. തിയ്യതി: 11.03.2020.

# <u>കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം*

*പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണി.പി.കെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-01-2020മുതൽ 27-01-2020വരെ |

**<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>**

| | |
|---|---|
| ശ്രീ.ലോകേഷ് ആചാരി.ബി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ.വി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ബാബു.എം | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**<u>നിർവഹണാധികാരികൾ</u>**

| | | |
|---|---|---|
| പ്രസിഡന്റ് | എം.രാധാമണി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ലാലി മാണി | 01.04.2018 മുതൽ 20.06.2018 വരെ |
| | ജോർജ്ജ് വി.എ. (ഹെഡ്.ക്ലാർക്ക്) | 21.06.2018 മുതൽ 29.06.2018 വരെ |
| | ബിജു എം.മാത്യൂസ് | 30.06.2018 മുതൽ 30.07.2018 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | എ.ബി.മെയ്തീൻ (അസി.സെക്രട്ടറി) | 31.07.2018 മുതൽ 30.08.2018 വരെ |
| | കൃഷ്ണകുമാർ കെ. | 31.08.2018 മുതൽ 31.12.2018 വരെ |
| | പോൾ കെ.എം. (അസി.സെക്രട്ടറി) | 01.01.2019 മുതൽ 13.01.2019 വരെ |
| | കൃഷ്ണകുമാർ കെ. | 14.01.2019 മുതൽ 02.03.2019 വരെ |
| | പോൾ കെ.എം. (അസി.സെക്രട്ടറി) | 03.03.2019 മുതൽ 14.03.2019 വരെ |
| | കൃഷ്ണകുമാർ കെ. | 15.03.2019 മുതൽ 31.03.2019 വരെ |

<u>നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )</u>

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | എം.ജനാർദ്ദനൻ നായർ | 01.04.2018 മുതൽ 20.06.2018 വരെ |
| | | ജോർജ്ജ് വി.എ.(ഹെഡ് ക്ലാർക്ക്) | 21.06.2018 മുതൽ 11.07.2018 വരെ |
| | | എ.ബി.മെയ്തീൻ | 12.07.2018 മുതൽ 10.10.2018 വരെ |
| | | ജോർജ്ജ് വി.എ. (ഹെഡ് ക്ലാർക്ക്) | 11.10.2018 മുതൽ 27.11.2018 വരെ |
| | | പോൾ കെ.എം | 28.11.2018 മുതൽ 31.03.2019 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | അരുണിമ ജോസ് | 01.04.2018 മുതൽ 06.03.2019 വരെ |
| | | വിപിൻ എസ്. | 07.03.2019 മുതൽ 31.03.2019 വരെ |
| 3 | കൃഷി ഓഫീസർ | ഡോ.അനിൽ സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശരത്മ പി.സുകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ മാലോം സർക്കിൾ | ജേക്കബ് ഉലഹന്നാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ ബളാൽ സർക്കിൾ | രാജു.കെ.എസ് | 01.04.2018 മുതൽ 01.06.2018 വരെ |
| | | ജേക്കബ് ഉലഹന്നാൻ | 02.06.2018 മുതൽ 07.10.2018വരെ |
| | | സജിൻ.ടി | 08.10.2018 മുതൽ 31.03.2019 വരെ |
| 6 | പ്രധാനാധ്യാപകൻ | ഗോപകുമാർഎം.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ.ടിറ്റോ ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.ഫിബിക് എസ്. | 01.04.2018 മുതൽ 15.05.2018 F/Nവരെ |
| | | ഡോ.അനില മേരി | 15.05.2018 A/Nമുതൽ 02.07.2018 വരെ |
| | | ഡോ.പ്രിയ പി. | 03.07.2018 മുതൽ 31.03.2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ. രഞ്ജുഷ | 01.04.2018 മുതൽ 11.06.2018 വരെ |
| | | ഡോ.ഭാഗ്യശ്രീ | 12.06.2018 മുതൽ 31.03.2018വരെ |
| 10 | മെഡിക്കൽ ഓഫീസർ | | |

| | | | |
|---|---|---|---|
| | ഹോമിയോ | ഡോ.അഞ്ജു സി.രാജ് | 01.04.2018 മുതൽ 29.10.2018 വരെ |
| | | ഡോ.ശോഭ കെ. | 30.10.2018 മുതൽ 29.12.2018വരെ |
| | | ഡോ.ഷാഹന സി. | 30.12.2018 മുതൽ 31.03.2019വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ഉഷ കെ. | 01.04.2018 മുതൽ 31.03.2019വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക അധിക നിരീക്ഷണങ്ങൾ | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-15 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-16 |
| 17 | തെരുവ് വിളക്ക് പരിപാലനം അപാകതകൾ | 1-17 |
| 18 | കേരളോത്സവം -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 1-18 |
| 19 | പദ്ധതി രൂപീകരണ ചെലവുകൾ -ക്വട്ടേഷൻ നടപടികൾ അപാകതകൾ | 1-19 |
| 20 | ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക ഒടുക്കിയതിന്റെ രസീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 21 | ടെണ്ടർ ഫോം വില്പന -രണ്ട് പ്രാവശ്യം ജി.എസ്.ടി ഒടുക്കി | 1-21 |
| 22 | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് തുക നൽകിയത് -ഫോറങ്ങളും രജിസ്റ്ററുകളും ലഭിക്കുവാൻ അവശേഷിക്കുന്നു. | 1-22 |
| 23 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-23 |
| 24 | പി.എച്ച്.സി കെട്ടിടനിർമ്മാണം സർക്കാർ അനുവദിച്ച രണ്ട് കോടി രൂപ വിനിയോഗിച്ചിട്ടില്ല | 1-24 |
| 25 | ഓഡിറ്റ് പരാമർശം പ്രകാരം ഈടാക്കിയ തുക സഞ്ചിത നിധിയിൽ അടവാക്കിയിട്ടില്ല | 1-25 |
| 26 | അഗതി രഹിത കേരളം പദ്ധതി - ഗ്രാമ പഞ്ചായത്ത് കൈമാറിയ വിഹിതം 5.01 ലക്ഷം രൂപ (വികസനഫണ്ട്) വിനിയോഗിച്ചിട്ടില്ല. | 1-26 |
| 27 | പ്രൊജക്ട് നമ്പർ.14/19 പ്രകാരം പാലിയേറ്റീവ് ഹോം കെയറും അനുബന്ധ പ്രവർത്തനങ്ങൾക്കും തുക ചെലവഴിച്ചത്. | 1-27 |
| 28 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-28 |

| | | |
|---|---|---|
| 29 | പാവപ്പെട്ട നിത്യരോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതി. | 1-29 |
| 30 | സ്കൂൾ മെയിന്റനൻസ്- ഓട് മാറ്റുന്ന പ്രവൃത്തിക്ക് അധികം നിരക്ക് | 1-30 |
| 31 | റോഡ് ഫോർമേഷൻ- മൺപണി- ഫിനാൻസ് ഇൻസ്പെക്ഷൻ വിങ്ങിന്റെ നിർദേശം അവഗണിച്ചു- നഷ്ടം | 1-31 |
| 32 | മരാമത്ത് പ്രവൃത്തികൾ ചെലവു വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല | 1-32 |
| 33 | മരാമത്ത് പ്രവൃത്തികൾ- വിവിധങ്ങളായ അപാകതകൾ | 1-33 |
| 34 | സമ്പൂർണ്ണ ശുചിത്വം-ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ 10.88 ലക്ഷം രൂപ | 1-34 |
| 35 | പോർട്ടബിൾ ബയോഗ്യാസ് 2016-17റെയ്ഡ്കോയ്ക്ക് തുക നൽകൽ -ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-35 |
| 36 | മാലിന്യ സംസ്കരണം, പോർട്ടബിൾ ബയോഗ്യാസ് പദ്ധതി നടത്തിപ്പിൽ അപാകത- 68,250 രൂപ നിരാകരിക്കുന്നു | 1-36 |
| 37 | മഴക്കാല പൂർവ്വ ശുചീകരണം -തുക ചെലവഴിക്കുവാൻ അവശേഷിക്കുന്നു | 1-37 |
| | **ഭാഗം II**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 38 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന പരാമർശങ്ങൾ -ഇല്ല | 2-1 |
| | **ഭാഗം III**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 39 | സ്കൂൾ മെയിന്റനൻസ്- ഓട് മാറ്റുന്ന പ്രവൃത്തിക്ക് അധികം നിരക്ക് | 3-1 |
| 40 | റോഡ് ഫോർമേഷൻ- മൺപണി- ഫിനാൻസ് ഇൻസ്പെക്ഷൻ വിങ്ങിന്റെ നിർദേശം അവഗണിച്ചു- നഷ്ടം | 3-2 |
| 41 | മാലിന്യ സംസ്കരണം, പോർട്ടബിൾ ബയോഗ്യാസ് പദ്ധതി നടത്തിപ്പിൽ അപാകത- 68,250 രൂപ നിരാകരിക്കുന്നു | 3-3 |
| | **ഭാഗം IV**<br>**ഓഡിറ്റ് പ്രത്യവലോകനം** | |
| 42 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 46 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 48 | ഓഡിറ്റ് റിക്കവറി | 4-7 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 50 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 52 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


**<u>അനുബന്ധപത്രികകൾ</u>**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം –ബജറ്റ് വിശദാംശങ്ങൾ സ്റ്റാന്റിങ്ങ് കമ്മറ്റി മിനുട്സിൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭരണസമിതി മിനുട്സിൽ ബജറ്റ് പാസ്സാക്കിയെന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബജറ്റ് വിശദാംശങ്ങൾ ഭരണ സമിതി മിനുട്സിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 01/1(23.03.2018) | 1/2(15.02.2019) |
| മുന്നിരിപ്പ് | 3843644 | 3843644 |
| വരവ് | 215700400 | 196271200 |
| ആകെ | 219544044 | 200114844 |
| ചെലവ് | 215681400 | 198082786 |
| നീക്കിയിരിപ്പ് | 3862644 | 2032058 |

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2019 | 24/05/2019 | ഇല്ല | ഇല്ല |

# 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 44,25,960 |
| വരവ് | 14,56,50,640 |
| ആകെ | 15,00,76,600 |
| ചെലവ് | 12,21,58,807 |
| നീക്കിയിരിപ്പ് | 2,79,17,793 |

# 1-4 ഫണ്ട് വിനിയോഗം

**ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2018-19)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 26054000 | 26054000 | 23869766 | 2184234 | 91.62 |
| വികസനഫണ്ട് എസ്.സി.പി. | 0 | 240000 | 240000 | 240000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 13720000 | 13720000 | 10712618 | 3007382 | 78.08 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 18613000 | 18613000 | 17460423 | 1152577 | 93.81 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5158000 | 5158000 | 3324180 | 1833820 | 64.45 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13142592 | 13142592 | 10839461 | 2303131 | 82.48 |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല )

**ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 23809766 | 23809766 | 23809766 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 240000 | 240000 | 240000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10712618 | 10712618 | 10712618 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17460423 | 17460423 | 17460423 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3324180 | 3324180 | 3324180 | 0 |
| - ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10839461 | 10839461 | 10839461 | 0 |
| **ബി ഫണ്ട്** | | | | | |
| തൊഴിൽ രഹിത വേതനം | | 56640 | 56640 | 56640 | |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | | 388000 | 388000 | 388000 | |
| TSB സംയുക്ത പദ്ധതി | (-) 22725 | 10279949 | 10257224 | 8163814 | 2093410 |
| ട്രഷറി TSB ജനറൽ പർപ്പസ് | (-) 701723 | 33175564 | 32473841 | 11527229 | 20946612 |
| **കേന്ദ്രാവിഷ്കൃത പദ്ധതി** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 549255 | 1228749 | 1778004 | 1749442 | 28562 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| സാക്ഷരത | 1842 | 74 | 1916 | - | 1916 |
| സായംപ്രഭ ഹോം | 279351 | - | 279351 | 234990 | 44361 |
| ജല നിധി | 1571149 | 2289373 | 3860522 | 2587956 | 1272566 |
| കെ.ജി.ബി (പ്ലാൻ) & ലൈഫ് പദ്ധതി | 819189 | 25027465 | 25846654 | 25022869 | 823785 |
| **മറ്റുള്ളവ** | | | | | |
| വെസ്റ്റേൺ ഗാട്ട് | 121 | | 121 | 121 | - |
| വെസ്റ്റേൺ ഗാട്ട് സഹകരണ ബാങ്ക് | 2963 | 119 | 3082 | - | 3082 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | 45439 | 1835 | 47274 | - | 47274 |
| തനത് ഫണ്ട് (വിവിധ അക്കൗണ്ടുകൾ) | 1881099 | 6816424 | 8697523 | 6041298 | 2656225 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 243 | 169 | - | 74 | 69.54 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2018-19വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി (പൊതുമരാമത്ത് ഉൾപ്പടെ) | 112 | 40115509 | 106 | 37349488 | 93.10 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 0 | 0 | 0 | 0 | 0 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 82 | 39688717 | 21 | 6558412 | 16.52 |
| 4 | കൃഷി ഓഫീസർ | 8 | 4458840 | 8 | 2890040 | 64.82 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 138459168 | 9 | 44469532 | 32.12 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6071075 | 7 | 5725517 | 94.31 |
| 7 | വെറ്റനറി സർജ്ജൻ | 3 | 4100000 | 3 | 1300000 | 31.71 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 652000 | 2 | 592216 | 90.83 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 7 | 1437874 | 7 | 1437362 | 99.96 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 200000 | 1 | 200000 | 100 |
| 11 | പ്രധാനാധ്യാപകൻ | 5 | 1921000 | 4 | 1594356 | 83 |
| 12 | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 1 | 2312976 | 1 | 2312976 | 100 |
| | ആകെ | 243 | 239417159 | 169 | 104429899 | 43.62 |

..

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവ് | 549255 | 1228749 | 1778004 | 1749442 | 28562 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36989998 | 36989998 | 36989998 | 0 |
| ആകെ | 549255 | 382187747 | 38768002 | 38739440 | 28562 |

| | |
|---|---|
| ആക്ഷൻ പ്ലാൻ പ്രകാരം ആകെ പദ്ധതികൾ | 667 |
| ആക്ഷൻ പ്ലാൻ പ്രകാരം ആകെ അടങ്കൽ | 120196395 |
| തൻവർഷം നടപ്പാക്കിയ പദ്ധതികൾ | 212 |
| സൃഷ്ടിച്ച ആകെ മനുഷ്യദിനം | 126829 |
| രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങൾ | 427 |
| തൻവർഷം 100 ദിനം തൊഴിൽ ലഭിച്ചവരുടെ എണ്ണം | 564 |

# 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 56640 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 2258800 | 201 |
| വിധവാപെൻഷൻ | 11196800 | 956 |
| വാർദ്ധക്യകാലപെൻഷൻ | 26768300 | 2367 |
| വികലാംഗപെൻഷൻ | 3441400 | 283 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 333300 | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-01-2020 തീയതിയിൽ 4.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 846/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

01-01-2020ലെ ഉത്തരവ് നം. എസ്.സി2-1/2020 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. സെക്രട്ടറി, അസി.സെക്രട്ടറി , അക്കൗണ്ടന്റ് ,തസ്തികകളിൽ ഉദ്യോഗസ്ഥർ നിരന്തരം സ്ഥലം മാറി പോകുന്നത് ഗ്രാമ പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.ഇവയുടെ രസീതികൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നുണ്ട്.

പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുവാൻ ചുമതലപ്പെട്ട ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. എം.ഒ.പിയിലെ നിർദ്ദേശാനുസരണം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് കാലയളവിലെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ലോൺരജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2018-2019 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. 04/12/2018 ന് ശേഷം 06-09-2019 ലാണ് ഓഫീസ് മീറ്റീങ്ങ് ചേർന്ന് കാണുന്നത്. 2019 ൽ 9 മാസത്തോളം സ്റ്റാഫ് മീറ്റീങ്ങ് ചേർന്നിട്ടില്ലയെന്ന വിഷയം പരിശോധിക്കേണ്ടതും, മാസത്തിൽ ഒരിക്കലെങ്കിലും സ്റ്റാഫ് മീറ്റീങ്ങ് ചേരുന്നുണ്ടെന്ന് ഉറപ്പോക്കേണ്ടതുമാണ്. ഫ്രണ്ട് ഓഫീസ് മോണിറ്ററിങ്ങ് സമിതി ഓഡിറ്റ് വർഷം യോഗം ചേർന്നതായി കാണുന്നില്ല. ഹാജരാക്കിയ മിനുട്സ് പ്രകാരം 01-11-2019, 01-01-2020 എന്നീ തിയതികളിലാണ് ഫ്രണ്ട് ഓഫീസ് മോണിറ്ററിങ്ങ് സമിതി യോഗം ചേർന്നിട്ടുള്ളത്.01-01-2020 യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങളും , തീരുമാനങ്ങളും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സ് റൂളുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നിരുന്നാലും വാർഷികകണക്ക് തയ്യാറാക്കിയതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഓഡിറ്റ് വർഷം ഭരണ സമിതി 23 തവണയും , ധനകാര്യം -15, വികസനം-12, ക്ഷേമം-13ആരോഗ്യം -13 എന്നിങ്ങനെ വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളും യോഗം ചേർന്നിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 180ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-01-2020 മുതൽ | 2019 ജൂലൈ മുതൽ ഡിസംബർ വരെ | PAU2/T2/19/13-01-2020 |

| | | | |
|---|---|---|---|
| | 13-01-2020 വരെ | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-01-2018 മുതൽ<br>07-02-2018 വരെ | 2012-13 മുതൽ<br>2016-17വരെ | LBA(HQ)IV/8A-2756/ 2017-18/281Dt.05-03-2018 |

# 1-11 വാർഷിക ധനകാര്യപത്രിക-സർട്ടിഫിക്കറ്റ് പ്രകാരം പരിഹരിക്കുവാനവശേഷിക്കുന്ന അപാകതകൾ

1) 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2018-19 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2) ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 11,33,84,331/-രൂപ ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) ഷെഡ്യൂൾ B-4, ഷെഡ്യൂൾ B-9 എന്നീ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) ഷെഡ്യൂൾ B-5 സെക്യൂർഡ് ലോൺ ഇനത്തിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത സാധൂകരിക്കുന്ന ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) ഷെഡ്യൂൾ B-7 ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെടുത്തിയ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത സാധൂകരിക്കുന്ന ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6) വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7 പത്രിക പ്രകാരം വികസനഫണ്ട് ജനറൽ വരവ് 2,38,09,766/- രൂപയാണ്, എന്നാൽ പരിശോധനക്ക് സമർപ്പിച്ച ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 2,38,69,766 /- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.

7) വസ്തുനികുതി, വാടക എന്നിവയുടെ വരവ് സംബന്ധിച്ച ആധികാരികത പരിശോധിക്കുന്നതിന് ഇവ സംബന്ധമായ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8) വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-40(b)പത്രിക പ്രകാരം SBI (e-pay) അക്കൗണ്ട് നം.67393311205 ബാലൻസ് തുക 3,17,011/- രൂപ, ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ബാലൻസ് തുക 3,13,552/- രൂപയുമാണ്. വ്യത്യാസം 3,459/- രൂപ. പൊരുത്തപ്പെടുത്തുന്നതിന് ആധികാരകമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9) വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-40(b)പത്രിക പ്രകാരം തനത് ഫണ്ട്, മാലോത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നം.3 ബാലൻസ് തുക 11,38,986/- രൂപ, ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ബാലൻസ് തുക 10,66,850/- രൂപയുമാണ്. വ്യത്യാസം 72,136/- രൂപ. പൊരുത്തപ്പെടുത്തുന്നതിന് ആധികാരകമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

10) വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-40(b)പത്രിക പ്രകാരം ട്രഷറി ടി.എസ്.ബി അക്കൗണ്ട് നം.720051400000006 ബാലൻസ് തുക 2,09,46,612/- രൂപ, പാസ്സ് ബുക്ക് പ്രകാരം ബാലൻസ് തുക 2,22,41,406/- രൂപയുമാണ്. വ്യത്യാസം 12,94,794/- രൂപ. റീക്കൺസിലേഷനിൽ ചെക്ക് നൽകിയത് ബാങ്കിൽ സമർപ്പിച്ചിട്ടില്ല എന്നതായി കാണിച്ച 13,41,044/-രൂപയിൽ 1250/- രൂപയുടെ ചെക്കിന് ചെക്ക് നമ്പറോ, തിയ്യതിയോ ഇല്ല, ഇത് പരിശോധിക്കാനായി ചെക്ക് ഇഷ്യൂ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ബാക്കി 13,39,794/- രൂപയുടെ ചെക്കുകൾ ഏപ്രിൽ മാസം ക്യാഷ് ചെയ്തിട്ടുണ്ട്.

11) വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-40(b)പത്രിക പ്രകാരം ലൈഫ് ഭവനപദ്ധതിയുടെ കേരളാ ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം. 5396-3 ബാലൻസ് തുക 8,23,785/- രൂപ, ബാങ്ക്

പാസ്സ് ബുക്ക് പ്രകാരം ബാലൻസ് തുക 1,81,46,702/- രൂപയുമാണ്. വ്യത്യാസം 1,73,22,917/- രൂപ. പൊരുത്തപ്പെടുത്തുന്നതിന് ആധികാരകമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

# 1-12 വാർഷിക ധനകാര്യപത്രിക അധിക നിരീക്ഷണങ്ങൾ

**എ) ജലനിധി ഫണ്ട് വരവിൽ പലിശവരവ് ഉൾപ്പെടുത്തിയിട്ടില്ല.**

ജലനിധി പദ്ധതി അക്കൗണ്ടിൽ 2018-19 വർഷം ലഭിച്ച പലിശവരവ് (₹55,282) ആയതിന്റെ വരവിനൊപ്പം ഉൾപ്പെടുത്തുന്നതിന് പകരം പലിശവരവ് എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിക്കാണുന്നത്. പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ പലിശ വരവുകൾ പ്രസ്തുത ഇനത്തിലെ വരവിനൊപ്പം തന്നെ ഉൾപ്പെടുത്തേണ്ടതാണ്.

**ബി) അങ്കണവാടി പോഷകാഹാര പദ്ധതി കേന്ദ്രവിഹിതം**

അങ്കണവാടി പോഷകാഹാര പദ്ധതി കേന്ദ്രവിഹിതം ഇനത്തിൽ 7,11,875 രൂപയാണ് തൻവർഷ വാർഷിക കണക്കിൽ വരവ് കാണിച്ചിട്ടുള്ളത്. എന്നാൽ അങ്കണവാടികളുമായി ബന്ധപ്പെട്ട മറ്റ് പ്രത്യേക പദ്ധതിയ്ക്കായി ലഭിച്ച , ₹10,000, ₹12,000 (ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് & കുടിവെള്ളം..) എന്നീ തുകകളും പോഷകാഹാര കേന്ദ്ര വിഹിതത്തിൽ തന്നയാണ് ഉൾപ്പെടുത്തിക്കാണുന്നത്. ഇക്കര്യം പരിശോധിച്ച് മേൽ തുകകൾ ഉദ്ദേശ ലക്ഷ്യത്തിനു തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്. അതുപോലെ അങ്കണവാടി പോഷകാഹാര പദ്ധതി കേന്ദ്രവിഹിതമിനത്തിൽ ലഭിക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ പഴയ പ്ലാൻ ബാങ്ക് അക്കൗണ്ടിലാണ് (കെ.ജി.ബി) , വരവ് വെച്ച് കാണുന്നത്. ഇത് ട്രഷറി അക്കൗണ്ടിൽ തന്നെ വരവ് വെയ്ക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

**സി) ലൈഫ് ഭവനപദ്ധതി വായ്പ -ലഭ്യമായതിലും അധികം ചെലവഴിച്ചു**

ലൈഫ് ഭവനപദ്ധതിയ്ക്കായി 2018-19 വർഷം 2,42,71,184 രൂപയാണ് വായ്പയിനത്തിൽ ലഭിച്ചത് .ഈ തുക ഗ്രാമ പഞ്ചായത്തിന്റെ പഴയ പ്ലാൻ ബാങ്ക് അക്കൗണ്ടിൽ (കെ.ജി.ബി) നിക്ഷേപിച്ചാണ് ചെലവഴിക്കുന്നത്. തൻ വർഷം വായ്പയിനത്തിൽ ലഭിച്ചത് 2,42,71,184 രൂപയാണെങ്കിലും 2,45,41,184 രൂപ (2,70,000 രൂപ അധികം ) ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ നിലവിലുണ്ടായിരുന്ന അങ്കണവാടി പോഷകാഹാരം കേന്ദ്രവിഹിതം ഉൾപ്പടെയുള്ള തുകയിൽ നിന്നുമാണ് അധികമായി നല്കിയ തുക പിൻവലിച്ചിട്ടുള്ളത്. 2019-20 വർഷത്തെ വായ്പതുക ലഭ്യമാകുമ്പോൾ അധികം പിൻവലിച്ച തുക ക്രമീകരിക്കേണ്ടതും വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്.

# 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കാണുകയുണ്ടായി. വിശദവിവരം ചുവടെകൊടുക്കുന്നു.

1)എം.ഡി.സെബാസ്റ്റ്യൻ പി.ഡബ്ല്യൂ.ഡി.കോൺട്രാക്റ്റർ- 2018-19 രണ്ടാം അർദ്ധവർഷം

2)അരുൺ ജോസ് പി.ഡബ്ല്യൂ.ഡി.കോൺട്രാക്റ്റർ- 2018-19 രണ്ടാം അർദ്ധവർഷം

3)ബെന്നി ജോസഫ് പി.ഡബ്ല്യൂ.ഡി.കോൺട്രാക്റ്റർ- 2018-19 രണ്ടാം അർദ്ധവർഷം

4)ഷൈബി സെബാസ്റ്റ്യൻ പി.ഡബ്ല്യൂ.ഡി.കോൺട്രാക്റ്റർ- 2018-19 രണ്ടാം അർദ്ധവർഷം

5)റെന്നി മേൻ എ.ൽ പി.ഡബ്ല്യൂ.ഡി.കോൺട്രാക്റ്റർ- 2018-19 രണ്ടാം അർദ്ധവർഷം

6)പവിഴം ഫിനാൻസ് മാലോം ജീവനക്കാരുടെ 2018-19 ഒന്നും രണ്ടും അർദ്ധവർഷം

7)പവിഴം ഫിനാൻസ് വെള്ളരിക്കുണ്ട് ജീവനക്കാരുടെ 2018-19 ഒന്നും രണ്ടും അർദ്ധവർഷം

8) അനൂപ് മോഹനൻ,മെഡ്‌കെയർ സ്പെഷ്യാലിറ്റ് ക്ലിനിക് വെള്ളരിക്കുണ്ട് സ്ഥാപനത്തിലെ 4 ജീവനക്കാർ - 2018-19 ഒന്നും , രണ്ടും അർദ്ധവർഷം

9) ജോയ്സൺ ജോർജ്, ജോയ്സ് ദന്തൽ കെയർ വെള്ളരിക്കുണ്ട് സ്ഥാപനത്തിലെ 1 ജീവനക്കാരൻ - 2018-19 ഒന്നും , രണ്ടും അർദ്ധവർഷം

10) കെ.കെ.എം ക്ലിനിക്ക് കൊന്നക്കാടിലെ 1 ജീവനക്കാരൻ - 2018-19 ഒന്നും , രണ്ടും അർദ്ധവർഷം

11) ഡോ.ശശികല ,മൃണാൾ ഹോമിയോ ക്ലിനിക്ക് - 2018-19 ഒന്നും , രണ്ടും അർദ്ധവർഷം

12) ഡോ.ടെൽവിൻ ടി ടോം, വി-കെയർ ദന്തൽ ക്ലിനിക്ക് വെള്ളരിക്കുണ്ടിലെ 1 ജീവനക്കാരൻ - 2018-19 ഒന്നും , രണ്ടും അർദ്ധവർഷം

13) കരുണാകരൻ കെ.സി, ആൾട്ടർനേറ്റീവ് മെഡികെയർ & ഫിസിയോതെറാപ്പി സ്ഥാപനത്തിലെ 2 ജീവനക്കാരുടെ - 2018-19 ഒന്നും , രണ്ടും അർദ്ധവർഷം

14) ഷെറിൻ മാത്യു, മറിയ ബയോ മെഡിക്കൽ ലാബ് വെള്ളരിക്കുണ്ടിലെ 2 ജീവനക്കാരുടെ - 2018-19 ഒന്നും , രണ്ടും അർദ്ധവർഷം

15) ഡോ.എബിമോൻ ജോർജ്ജ് ട്രീ ഹോമിയോപ്പതി സ്പെഷ്യാലിറ്റി ക്ലിനിക്ക് മാലോം 2018-19 ഒന്നും , രണ്ടും അർദ്ധവർഷം

16) ഡോ.ടോണി തോമസ്, ലൂർദ് ദന്തൽ ക്ലിനിക്ക് മാലോം - 2018-19 ഒന്നും , രണ്ടും അർദ്ധവർഷം

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നമ്പർ. 09/24-01-2020,17/25-01-2020 എന്നിവ പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

# 1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് വള്ളിക്കടവ് | 2018-19 ഒന്നാം അർദ്ധവർഷം |
| 2 | ബി എസ് എൻ എൽ | 2018-19 ഒന്നും, രണ്ടും അർദ്ധവർഷം |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് വെള്ളരിക്കുണ്ട് | 208-19 ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | മഹീന്ദ്ര & മഹീന്ദ്ര ഫിനാൻസിയൽ സർവ്വീസ് ലിമിറ്റഡ് വെള്ളരിക്കുണ്ട് | 2018-19 ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | നിരവ ജൂബിലി ചിറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് വെള്ളരിക്കുണ്ട് | 2018-19 രണ്ടാം അർദ്ധവർഷം |
| 6 | അമല ഫ്യൂവൽസ് വെള്ളരിക്കുണ്ട് | 2018-19 ഒന്നും,രണ്ടും അർദ്ധവർഷം |
| 7 | പവിഴം ഫിനാൻസ് വെള്ളരിക്കുണ്ട് | 2018-19 ഒന്നും,രണ്ടും അർദ്ധവർഷം |
| 8 | പവിഴം ഫിനാൻസ് മാലോം | 2018-19 ഒന്നും,രണ്ടും അർദ്ധവർഷം |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.10/25-01-2020)

## 1-15 തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ/പ്രൊഫഷണൽസ് തൊഴിൽ നികുതി ഇനത്തിൽ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് 4,20,610/-രൂപയാണ്. വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റ് പ്രകാരം കുടിശ്ശികയായി 7,890/-രൂപ പിരിച്ചെടുക്കാനുണ്ട്. ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ/ പ്രൊഫഷണൽസ് തൊഴിൽ നികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകയുടെ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല. കൂടാതെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തന്മൂലം കുടിശ്ശികയിനത്തിലെ പിരിവ് പരിശോധിക്കാൻ സാധിക്കുന്നില്ല. നികുതി പിരിവിന് ആവശ്യം സൂക്ഷിക്കേണ്ട മേൽപറഞ്ഞ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിന് ഓഡിറ്റ് എൻക്വയറി നമ്പർ. 11/25-01-2020 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. ബളാൽ ഗ്രാമപഞ്ചായത്തിന്റെ 21-10-2011ലെ തീരുമാനം നമ്പർ 3/11 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 13 മൊബൈൽ ടവറുകളിൽ 5-ഓളം മൊബൈൽ ടവറുകളിൽ നിന്നും 2019 വരെയുള്ള വർഷങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | ഓപ്പറേറ്റർ/ ഉടമ/ നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $m^2$) | വസ്തുനികുതി കുടിശ്ശികയുള്ള വർഷങ്ങൾ |
|---|---|---|---|---|
| 1 | ജനറൽ മാനേജർ<br>ടെലികോം,<br>ബി എസ് എൻ എൽ,കണ്ണൂർ<br>പൂവത്തുംമൊട്ട ടവർ | V/274-A | 13.7m2 | 2015ഒന്നാം അർദ്ധവർഷം<br>2015രണ്ടാം അർദ്ധവർഷം<br>2016ഒന്നാം അർദ്ധവർഷം<br>2016രണ്ടാം അർദ്ധവർഷം<br>2017ഒന്നാം അർദ്ധവർഷം<br>2017രണ്ടാം അർദ്ധവർഷം<br>2018ഒന്നാം അർദ്ധവർഷം<br>2018രണ്ടാം അർദ്ധവർഷം<br>2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം |
| 2 | ജനറൽ മാനേജർ<br>ടെലികോം, | VII/166-A | 5.60m2 | 2013ഒന്നാം അർദ്ധവർഷം<br>2013രണ്ടാം അർദ്ധവർഷം |

| | | | | |
|---|---|---|---|---|
| | ബി എസ് എൻ എൽ,കണ്ണൂർ<br>മാലോം ടവർ | | | 2014ഒന്നാം അർദ്ധവർഷം<br>2014രണ്ടാം അർദ്ധവർഷം<br>2015ഒന്നാം അർദ്ധവർഷം<br>2015രണ്ടാം അർദ്ധവർഷം<br>2016ഒന്നാം അർദ്ധവർഷം<br>2016രണ്ടാം അർദ്ധവർഷം<br>2017ഒന്നാം അർദ്ധവർഷം<br>2017രണ്ടാം അർദ്ധവർഷം<br>2018ഒന്നാം അർദ്ധവർഷം<br>2018രണ്ടാം അർദ്ധവർഷം<br>2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം |
| 3 | ജനറൽ മാനേജർ<br>ടെലികോം,<br>ബി എസ് എൻ എൽ,കണ്ണൂർ<br>കൊന്നക്കാട് ടവർ | VIII/73-A | 13.70m2 | 2013ഒന്നാം അർദ്ധവർഷം<br>2013രണ്ടാം അർദ്ധവർഷം<br>2014ഒന്നാം അർദ്ധവർഷം<br>2014രണ്ടാം അർദ്ധവർഷം<br>2015ഒന്നാം അർദ്ധവർഷം<br>2015രണ്ടാം അർദ്ധവർഷം<br>2016ഒന്നാം അർദ്ധവർഷം<br>2016രണ്ടാം അർദ്ധവർഷം<br>2017ഒന്നാം അർദ്ധവർഷം<br>2017രണ്ടാം അർദ്ധവർഷം<br>2018ഒന്നാം അർദ്ധവർഷം<br>2018രണ്ടാം അർദ്ധവർഷം<br>2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം |
| 4 | ജനറൽ മാനേജർ<br>ടെലികോം,<br>ബി എസ് എൻ എൽ,കണ്ണൂർ<br>വെള്ളരിക്കുണ്ട് ടവർ | XIV/623 | 13.70m2 | 2013ഒന്നാം അർദ്ധവർഷം<br>2013രണ്ടാം അർദ്ധവർഷം<br>2014ഒന്നാം അർദ്ധവർഷം<br>2014രണ്ടാം അർദ്ധവർഷം<br>2015ഒന്നാം അർദ്ധവർഷം<br>2015രണ്ടാം അർദ്ധവർഷം<br>2016ഒന്നാം അർദ്ധവർഷം |

| | | | | |
|---|---|---|---|---|
| | | | | 2016രണ്ടാം അർദ്ധവർഷം<br>2017ഒന്നാം അർദ്ധവർഷം<br>2017രണ്ടാം അർദ്ധവർഷം<br>2018ഒന്നാം അർദ്ധവർഷം<br>2018രണ്ടാം അർദ്ധവർഷം<br>2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം |
| 5 | റിലയൻസ് ഇൻഫ്രാടെക്ക് ലിമിറ്റഡ് വെള്ളരിക്കുണ്ട് ടവർ | XI/228-B | 14.25m2 | 2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം |

മേൽ കാണിച്ച മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (25-01-2020 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.12)

# 1-17 തെരുവ് വിളക്ക് പരിപാലനം അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വർഷം തോറും ഭീമമായ സംഖ്യ ചെലവഴിക്കപ്പെടുന്നുണ്ട്. 2018-19 വർഷം പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി (മിനിമാസ്റ്റ്) 4.39 ലക്ഷം രൂപയും 2017-18 വർഷം തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ( എൽ.ഇ.ഡി) നാല് ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2,56,625/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല . കൂടാതെ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുപരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1).തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശത്തിൽ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.പ്രസ്തുത നിർദ്ദേശം പാലിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ,ഇനം, എണ്ണം ect.) ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

4) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

5) പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും, തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾക്കും, സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ഗ്രാമ സഭകളുടെ ശുപാർശ പരിഗണിച്ച് തന്നെ ആയിരിക്കേണ്ടതാണ്. ഗ്രാമ സഭകൾ മുഖേന ഉയരുന്ന നിർദ്ദേശങ്ങളുടെ ആവശ്യകത വർക്കിങ്ങ് ഗ്രൂപ്പുകൾ മുഖേന ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതികളുടെ നടത്തിപ്പ് കെ.എസ്.ഇ.ബിയുടെ സൂപ്പർവിഷനിൽ തന്നെ നടത്തേണ്ടതാണ്. അതു പോലെ ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾക്കായി തുക നിക്ഷേപിക്കുമ്പോൾ കെ.എസ്.ഇ.ബിയുമായി കൃത്യമായി കരാർഉടമ്പടി ചമയ്ക്കുവാനും, നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്ന കാര്യം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതുമാണ്.

6) 2017-18 വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കിയ 274/2018 പദ്ധതിപ്രകാരം 4,00,000/ രൂപ വിനിയോഗിച്ച് ക്രൂസിൽ നിന്നും വാങ്ങിയ 125 എൽ.ഇ.ഡി ലൈറ്റുകൾ 20.4.2018 ന് ഗ്രാമ പഞ്ചായത്തിൽ ലഭ്യമായെങ്കിലും ബന്ധപ്പെട്ട ഫയൽ പ്രകാരം 2019 മാർച്ച് മാസം വരെയും ഇവ സ്ഥാപിച്ച് കാണുന്നില്ല . ഇവ നിലവിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് അധികൃതർ സൂചിപ്പിക്കുകയുണ്ടായി. പ്രസ്തുത തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട് ക്രൂസ് അധികൃതരിൽ നിന്നും, ബന്ധപ്പെട്ട വാർഡ് ജനപ്രതിനിധികളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ക്രൂസിൽ നിന്നും ലഭ്യമായ തെരുവ് വിളക്കുകൾ ഒരുവർഷത്തിലുമധികം കാലം സ്ഥാപിക്കാതെയിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-18 കേരളോത്സവം -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2018-19 വർഷം നടപ്പാക്കിയ സ്പിൽ ഓവർ പ്രൊജക്റ്റ് നം 202/18-19 (കേരളോത്സവം2017) പ്രകാരം 10,000/- രൂപ (ട്രഷറി ബിൽ.നം..0117664/16.5.2018 വികസനഫണ്ട്.) വി.ഇ.ഒ മാലോം സർക്കിളിന് നൽകിയിട്ടുണ്ട്. എന്നാൽ ട്രഷറി ബിൽ പകർപ്പല്ലാതെ പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് മറ്റ് രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിക്വിസിഷൻ നം.3/25.01.2020 പ്രകാരം ഇക്കാര്യം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപയി ലഭ്യമാക്കുകയുണ്ടായില്ല. ഇക്കാര്യം പരിശോധിച്ച് മേൽ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 10,000/ രൂപയുടെ ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രഥമ മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കാത്ത പക്ഷം പരാമർശിത തുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതായിരിക്കും . രേഖകളുടെ അഭാവത്തിൽ മേൽപ്രകാരം നടത്തിയ 10,000/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പദ്ധതി രൂപീകരണ ചെലവുകൾ -ക്വട്ടേഷൻ നടപടികൾ അപാകതകൾ

2018-19 പദ്ധതി രൂപീകരണത്തിന്റെ (പ്രൊ.നം.01/2018-19)ഭാഗമായി വിവിധ അച്ചടി ജോലികൾ ചെയ്തതിന്റെ പ്രതിഫലമായി മലബാർഗ്രാഫിക്സ് വെള്ളരിക്കുണ്ട്, എന്ന സ്ഥാപനത്തിന് വികസനഫണ്ടിൽ നിന്നും 1,86,415/- രൂപ നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ.നം.0818828തി.20.11.2018 ₹1,14,671 &ബിൽ.നം 00227350/ തി.18.6.2018 ₹71,744/-).പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

എ) പദ്ധതി പ്രകാരമുള്ള അച്ചടി ജോലികൾക്കായി ക്വട്ടേഷൻ വിളിച്ചതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, ക്വട്ടേഷൻ പ്രസിദ്ധപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ (വെബ്സൈറ്റ് മുഖേനയോ അല്ലാതെയോ) ഫയലിൽ ലഭ്യമല്ല. മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷൻ നല്കിയതായി ഫയലിൽ കാണുന്നുണ്ടെങ്കിലും ഇവയിലൊന്നും തന്നെ ക്വട്ടേഷൻ സമർപ്പിച്ച തിയതി രേഖപ്പെടുത്തിയിട്ടില്ല. അടങ്കൽ തുക ഒരു ലക്ഷത്തിൽ അധികമായാൽ ഓപ്പൺ ടെണ്ടർ വിളിക്കണമെന്ന പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥ പാലിച്ചിട്ടുമില്ല.

ബി) മൂന്ന് സ്ഥാപനങ്ങൾ നല്കിയ ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മലബാർ ഗ്രാഫിക്സിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായി ഭരണ സമിതിയുടെ 10.5.2018 ലെ 30(1) നമ്പർ തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം നല്കിയ 2018 മാർച്ച് മാസത്തെ ഇൻവോയ്സുകൾ പ്രകാരമുള്ള (ക്വട്ടേഷൻ അംഗീകരിക്കുന്നതിന് മുമ്പ്) തുക 71,744/- രൂപ ട്രഷറി ബിൽ.നം 00227350/ തി.18.6.2018 പ്രകാരം നല്കി. ക്വട്ടേഷൻ അംഗീകരിക്കുന്നതിന് മുമ്പുള്ള തുകകൾ നല്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. അതുപോലെ കരാർ ചമയ്ക്കുന്നതിനായി ക്വട്ടേഷൻ ലഭിച്ച സ്ഥാപനം ഹാജരാക്കിയ മുദ്രപത്രത്തിൽ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല.

സി) പദ്ധതിപ്രകാരം വിവിധ ഫോറങ്ങൾ, എം ബുക്കുകൾ,നോട്ടീസുകൾ എന്നിവ അച്ചടിച്ചിട്ടുണ്ടെങ്കിലും ,ഇവയുടെ ആവശ്യകത സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് അധികൃകർ നല്കിയ കത്തുകൾ, അച്ചടിച്ച് ലഭിച്ചവ സ്റ്റോക്കിൽ എടുത്ത് വിതരണം നടത്തിയത് സംബന്ധിച്ച രേഖകൾ , എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഡി) പദ്ധതിപ്രകാരം 1400 എം ബുക്കുകൾ പ്രിന്റ് ചെയ്തിട്ടുണ്ട്. സർക്കാർ പ്രസ്സുകൾ, ഗ്രാമ ലക്ഷ്മി മുദ്രാലയം എന്നിവടങ്ങളിൽ നിന്നും എം.ബുക്കുകൾ ലഭ്യമാകുമോ എന്നത് സംബന്ധിച്ച സാധ്യതകൾ ആരാഞ്ഞിട്ടുണ്ടോ? ഇതു സംബന്ധിച്ച കത്തിടപാടുകൾ നടത്തിയതിന്റെ രേഖകൾ ഉണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. എം.ബുക്കുകളുടെ കൃത്യമായ സ്റ്റോക്ക്-വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഇ) അച്ചടി കരാർ എടുത്ത വ്യക്തിക്ക് ബിൽ തുക നല്കുമ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട 1% ആദായനികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

എഫ്) പദ്ധതി രൂപീകരണച്ചെലവുമായി ബന്ധപ്പെട്ട അച്ചടിപ്രവൃത്തികളിൽ ജനപ്രതിനിധികളുടെ ലെറ്റർപാഡിന്റെ അച്ചടിയുടെ പ്രതിഫലവും നല്കിക്കാണുന്നു. ഇത്തരം ചെലവുകൾ തനത് ഫണ്ടിൽ നിന്നും വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അവ പദ്ധതി രൂപീകരണ ചെലവിൽ ഉൾപ്പെടുത്തി നല്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം.2 തി. 23.01.2020പ്രകാരം സെക്രട്ടറിയെ ധരിപ്പിച്ചുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. നടപടിക്രമങ്ങൾ പാലിക്കാതെ നടത്തിയ 1,86,415 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക ഒടുക്കിയതിന്റെ രസീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**എ)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജീവനക്കാരിൽ നിന്നും , ജനങ്ങളിൽ നിന്നും ശേഖരിച്ച സംഭാവന തുകകൾ ചുവടെ ചേർത്ത പ്രകാരം ഒടുക്കിക്കാണുന്നു. എന്നാൽ തുക ഒടുക്കിയത് സംബന്ധിച്ച ഔദ്യോഗിക രസീതികൾ (ട്രഷറി/ബാങ്ക്/CMDRF) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

| ചെക്ക് നം.തിയതി | തുക |
|---|---|
| ചെക്ക് നം 386265/20.8.2018 | 1,11,111/- |
| ബിൽ.നം 437/03.10.2018 | 3,507/- |
| ചെക്ക് നം 1059439/22.11.2018 | 1,38,463/- |
| ആകെ | 2,53,081/- |

ഇക്കാര്യം പരിശോധിച്ച് മേൽ പ്രകാരമുള്ള തുക ഒടുക്കിയതിന് CMRDRF ൽ നിന്നുള്ള ഔദ്യോഗിക രസീതിയോ , അല്ലെങ്കിൽ തുക ഒടുക്കിയത് സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്ക്/ട്രഷറിയിൽ നിന്നുള്ള

സാക്ഷ്യപത്രങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ മേൽപ്രകാരം നടത്തിയ 2,53,081 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ബി)** ശ്രീ.ജോർജ്ജ് .വി.എ , എച്ച്.സിയുടെ ശമ്പളത്തിൽ നിന്നും 09/18, 10/18 മാസ**മുഖ്യ**ങ്ങളിലായി 3507 രൂപ വീതം (3507x2=7014) ദുരിതാശ്വാസ നിധി വിഹിതം ഇനത്തിൽ റിക്കവറി ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തുക ഒടുക്കിക്കാണുന്നില്ല. ബാലൻസ് ഷീറ്റിൽ 320800299 എന്ന ഹെഡ്ഡിൽ ബാധ്യതയിനത്തിൽ 31.3.2019 ൽ 7,014 രൂപ കാണുന്നു. എന്നാൽ ബിൽ.നം 437/03.10.2018 പ്രകാരം ₹ 3,507/- ഒടുക്കിയതായി വൗച്ചർ ഉണ്ടെങ്കിലും, തുക ഒടുക്കിയതിന് രസീതില്ല. ഇക്കാര്യം പരിശോധിച്ച് മേൽ ജീവനക്കാരനിൽ നിന്നും ദുരിതാശ്വാസ നിധി ഇനത്തിൽ ഈടാക്കിയ തുകയുടേയും , ഒടുക്കിയ തുകയുടേയും കൃത്യത പരിശോധിച്ച് , അവശേഷിക്കുന്ന തുക ദുരിതാശ്വാസ നിധിയിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**സി)** 2018-19 വർഷം പ്രൊ.നം 276/18-19 പ്രകാരം വികസനഫണ്ടിൽ നിന്നും 1,20,000/-രൂപയും (ബിൽ.നം .--1066288/16.1.2019) , ടി.എസ്.പിയിൽ നിന്നും 2,00,000/- രൂപയും (ബിൽ.നം--1066292/16.1.2019) മുഖ്യമന്ത്രിയുടെ ദുരിതാസ്വാസ നിധിയിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം2310/18 തസ്വഭവ തി.23.8.2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നോ, പൊതുജനങ്ങളിൽ നിന്നും ശേഖരിച്ചോ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാവുന്നതാണ്. കൂടാതെ സ.ഉ(ആർ.ടി) നം.2262/18 തസ്വഭവ തി.16.8.2018 പ്രകാരം കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾക്ക് തനത് ഫണ്ട് ലഭ്യമാവാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനഫണ്ടോ, സംരക്ഷണ ഗ്രാന്റോ ഉപയോഗിക്കാം.എന്നാൽ ഇതിൽ ദുരിതാശ്വാസ നിധിയിലേയ്ക്ക് വികസനഫണ്ട് സംഭാവന നൽകാം എന്ന് പരാമർശിച്ചിട്ടില്ല. വികസനഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിന് അനുമതി നൽകുന്ന സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് . ഉത്തരവുകൾ ലഭ്യമല്ലെങ്കിൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സാധൂകരണ ഉത്തരവ് ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. മേൽ പ്രകാരം നൽകിയ തുകയുടെ ഔദ്യോഗിക കൈപ്പറ്റ് രസീതിയും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ മേൽപ്രകാരമുള്ള 3,20,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-21 ടെണ്ടർ ഫോം വില്പന -രണ്ട് പ്രാവശ്യം ജി.എസ്.ടി ഒടുക്കി

ടെണ്ടർ ഫോം വില്പനയിൽ നിന്നുള്ള CGST, SGST എന്നീയിനങ്ങളിൽ ചെക്ക് നം 33971 തി.12.3.2019, പ്രകാരം 2484 രൂപയും , ചെക്ക് നം 33973 തി.21.3.2019 പ്രകാരം 2484 രൂപയും രണ്ട് പ്രാവശ്യമായി പിൻവലിച്ച് ഒടുക്കിയിട്ടുണ്ട്. ടെണ്ടർ ഫോം വില്പനയിൽ നിന്നുമുള്ള CGST, SGST എന്നീയിനങ്ങളിൽ 1242+1242 എന്നിങ്ങനെ 2484 രൂപയാണ് ഒടുക്കേണ്ടിയിരുന്നത്. രണ്ടാമത് തുക പിൻവലിച്ചതുമായി ബന്ധപ്പെട്ട വൗച്ചറിൽ , ആദ്യം ഒടുക്കിയത് വർക്ക് ബിൽ ഡിഡക്ഷൻ മാതൃകയിലായതിനാൽ വീണ്ടും തുക പിൻവലിക്കുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ഇക്കാര്യം പരിശോധിച്ച് ജി.എസ്.ടി ഇനത്തിൽ അധികം ഒടുക്കിയ തുക തിരികെ ലഭ്യമാക്കുവാനോ അല്ലെങ്കിൽ ഭാവിയിൽ ഒടുക്കേണ്ടിവരുന്ന ജി.എസ്.ടിയിൽ ക്രമീകരിക്കുവാനോ ഉള്ള നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് . ആയതുവരെ മേൽപ്രകാരം നടത്തിയ 4,968/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-22 ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് തുക നൽകിയത് -ഫോറങ്ങളും രജിസ്റ്ററുകളും ലഭിക്കുവാൻ അവശേഷിക്കുന്നു.

ഓഫീസ് ആവശ്യത്തിന് ഫോറങ്ങളും ,രജിസ്റ്ററുകളും വാങ്ങുന്നതിന് ചെക്ക് നം 1059418/17-9-2018 പ്രകാരം 1,97,992 രൂപ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭിച്ച

ഇൻവോയ്സ് പ്രകാരം (...981/18-19 തിയതി 16.10.2018 ) 1,46,940 രൂപയുടെ ഫോറങ്ങളും രജിസ്റ്ററുകളുമാണ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. അവശേഷിച്ച 51,052 രൂപയുടെ ഫോറങ്ങളും രജിസ്റ്ററുകളും ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതതും, ഇതു സംബന്ധിച്ച ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ് .

## 1-23 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2018-19 വർഷം ചുവടെ ചേർത്ത പ്രവൃത്തികൾക്കായി 7,50,714/- രൂപ കെ.എസ്.ഇ.ബിയ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ടസ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് . ആയതുവരെ 7,50,714/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | നൽകിയ തുക |
|---|---|---|---|---|
| KSEB | സെക്രട്ടറി | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ | ബിൽ നം..0818831/ തി. 20/11/2018 | 5,44,840 |
| | | | ചെക്ക് നം 1059446/ തി. 04.12.2018 | 39,633 |
| KSEB | സെക്രട്ടറി | ഏറാൻ ചിറ്റ അംഗനവാടി - ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് | ചെക്ക് നം 1059446/ തി. 04.12.2018 | 13,311 |
| KSEB | സെക്രട്ടറി | ചെത്തിപ്പുഴത്തട്ട് പടയങ്കല്ല് റോഡ് വീതി കൂട്ടൽ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് | ബിൽ നം..0818831/ തി. 20/11/2018 | 75,000 |
| | | | ബിൽ നം..0818831/ തി. 20/11/2018 | 77,930 |
| | | | ആകെ | 7,50,714/- |

## 1-24 പി.എച്ച്.സി കെട്ടിടനിർമ്മാണം സർക്കാർ അനുവദിച്ച രണ്ട് കോടി രൂപ വിനിയോഗിച്ചിട്ടില്ല.

വെള്ളരിക്കുണ്ട്.പി.എച്ച്.സിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി GO.(Rt)No.1961/2018/H&FWD Dt.19.6.2018 പ്രകാരം സർക്കാർ അനുമതി നല്കിയതിൻപ്രകാരം പദ്ധതിയ്ക്കുള്ള സംസ്ഥാന സർക്കാർ വിഹിതം രണ്ട് കോടി രൂപ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.08.2018 ലെ No.UIP2/33771/2018/DHS പ്രകാരം ഗ്രാമ പഞ്ചായത്തിന് അനുവദിക്കുകയുമുണ്ടായി . 11.10.2018 ന് ഗ്രാമ പഞ്ചായത്ത് ട്രഷറി അക്കൗണ്ടിൽ വരവ് വന്ന പ്രസ്തുത തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. തുക ചെലവഴിക്കുവാൻ സാധിക്കാത്തതിന്റെ കാരണവും, പദ്ധതിനടത്തിപ്പ് സംബന്ധിച്ച് നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും അധികൃതർ പദ്ധതി പുരോഗതി സംബന്ധിച്ച രേഖകളോ മറുപടിയോ ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി പദ്ധതിയ്ക്കായി അനുവദിച്ച തുക വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ഓഡിറ്റ് പരാമർശം പ്രകാരം ഈടാക്കിയ തുക സഞ്ചിത നിധിയിൽ അടവാക്കിയിട്ടില്ല.

2017-18വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.3(1) പ്രകാരമുള്ള നഷ്ടം 80,271 രൂപ രസീത് നം 118010103162 തി.27.10.2018 പ്രകാരം ഈടാക്കിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ച് നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ് മേൽ പരാമർശിത നഷ്ടം. സർക്കാർ ഗ്രാന്റ്

ചെലവഴിച്ചതിൽ കണ്ടെത്തുന്ന അപാകതകൾ പ്രകാരം ഈടാക്കിയ നഷ്ട തുകകൾ സഞ്ചിത നിധിയിലേയ്ക്കാണ് തിരികെ ഒടുക്കേണ്ടത് .ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ സ്ഥിതി ചെയ്യുന്ന മേൽ തുക സഞ്ചിത നിധിയിൽ ഒടുക്കി ചലാൻ രസീതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 അഗതി രഹിത കേരളം പദ്ധതി - ഗ്രാമ പഞ്ചായത്ത് കൈമാറിയ വിഹിതം 5.01 ലക്ഷം രൂപ (വികസനഫണ്ട്) വിനിയോഗിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന അഗതി രഹിത കേരളം പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നല്കിയതിന്റയടിസ്ഥാനത്തിൽ കുടുംബശ്രീ സംസ്ഥാന മിഷൻ ചുവടെ ചേർത്ത പ്രകാരം അംഗീകാരം നല്കിയിട്ടുണ്ട്.

| വിഭാഗം | കുടുംബശ്രീ മിഷൻ ഉത്തരവ് നം | അടങ്കൽ | ഗുണഭോക്താക്കളുടെ എണ്ണം | അനുവദനീയമായ ചലഞ്ച് ഫണ്ട് | ആദ്യഗഡുവായി അനുവദിച്ച ചലഞ്ച് ഫണ്ട്. |
|---|---|---|---|---|---|
| ജനറൽ | കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.1.2019 ലെ KS/L/40/19 ഉത്തരവ് | 2,87,58,248 | 100 | 39,95,248 | 9,02,626 |
| പട്ടിക വർഗ്ഗം | കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.7.2019 ലെ 5338/L/19/KSHO ഉത്തരവ് | 2,44,41,692 | 93 | 39,93,192 | 13,31,064 |

പദ്ധതിയ്ക്കായി മേൽപ്രകാരം അനുവദിക്കപ്പെട്ട ഒന്നാംഗഡു ചലഞ്ച് ഫണ്ട് വിഹിതം ഇതുവരെയും ലഭിച്ചിട്ടില്ലാത്തതായി സി.ഡി.എസ് അധികൃതർ അറിയിക്കുകയുണ്ടായി. നിലവിലുണ്ടായിരുന്ന ആശ്രയ അക്കൗണ്ടിലെ നീക്കിയിരിപ്പുണ്ടായിരുന്ന ചലഞ്ച് ഫണ്ട് തുക വിനിയോഗിച്ചാണ് ഭക്ഷണ വിതരണമുൾപ്പടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നത്. അഗതി രഹിത കേരളം പദ്ധതിയ്ക്കായി 2018-19 വർഷം പ്രൊജക്റ്റ് നമ്പർ ---/18-19 പ്രകാരം അനുവദിച്ച 5,01,035 രൂപ പദ്ധതിയ്ക്കായി പുതുതായി ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ വിനിയോഗിച്ചിട്ടില്ല. അതുപോലെ കാസറഗോഡ് ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 1,00,000/ രൂപയും വിനിയോഗിക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. അഗതികൾക്കുവേണ്ടി ഏറ്റെടുക്കേണ്ട പദ്ധതികൾ വാർഷിക പദ്ധതിമാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമായതിനാൽ പദ്ധതിമാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക എത്രയും വേഗം വിനിയോഗിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-27 പ്രൊജക്ട് നമ്പർ.14/19 പ്രകാരം പാലിയേറ്റീവ് ഹോം കെയറും അനുബന്ധ പ്രവർത്തനങ്ങൾക്കും തുക ചെലവഴിച്ചത്.

| | |
|---|---|
| പ്രോജക്റ്റ് നം. | 14/19 |
| പ്രോജക്റ്റിന്റെ പേര് | പാലിയേറ്റീവ് ഹോം കെയറും അനുബന്ധപ്രവർത്തനങ്ങളും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി വെള്ളരിക്കുണ്ട് |
| ബിൽ നമ്പർ, തീയതി | 01/2018-19 തീയ്യതി.19-11-2018 – 2,49,098/- രൂപ |
| ഫണ്ട് വിവരങ്ങൾ | 2,00,000/- വികസന ഫണ്ട്- ജനറൽ |
| | |

| | |
|---|---|
| | 3,00,000/- വികസന ഫണ്ട് -എസ്.സി.പി |
| | 2,00,000/- ജില്ലാപഞ്ചായത്ത് വിഹിതം |
| | ആകെ = 7,00,000/- |

**1)** 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് ഹോം കെയറും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി 7,00,000/- തുക ചെലവഴിച്ചിട്ടുണ്ട്. ബിൽ നം.01/18 പ്രകാരം 2,49,098/- രൂപയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 1,11,800/-രൂപ മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.3624001800000019 ) ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയുണ്ടായി. എന്നാൽ 05-12-2019 തീയതിയിലെ ഇൻവോയ്സ് നമ്പർ.9099 പ്രകാരം ആകെ 3,897/-രൂപയുടെ മരുന്നുകൾ മാത്രമെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 1,07,903/-രൂപയുടെ മരുന്നുകൾ ഇനിയും സ്ഥാപനത്തിന് ലഭ്യമാക്കാനുണ്ട്. ലഭ്യമാക്കിയ 3,897/-രൂപയുടെ മരുന്നുകൾ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും , ലഭ്യത ഉറപ്പാക്കി ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**2)** 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് ഹോം കെയറും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി ബിൽ നം.01/18 പ്രകാരമുള്ള 2,49,098/- രൂപയിൽ പാലിയേറ്റീവ് ഹോം കെയർ നേഴ്സിന്റെ 2018 മെയ് മാസം മുതൽ 2018 ഒക്ടോബർ മാസം വരെയുള്ള ശമ്പളം ഇനത്തിൽ 15,000/-രൂപ നിരക്കിൽ ആകെ 1,05,000/-രൂപ അക്കൗണ്ടിലേക്ക് (അക്കൗണ്ട്നം.117001501088) ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയുണ്ടായി. പ്രസ്തുത മാസങ്ങളിൽ പാലിയേറ്റീവ് ഹോം കെയർ നേഴ്സ് ശമ്പളം കൈപറ്റിയതിന്റെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ കാസർഗോഡ് സർജിക്കൽ എന്ന സ്ഥാപനത്തിന് 2,480/-രൂപയുടെയും, പാലിയേറ്റീവ് ഹോം കെയർ നേഴ്സിന് ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ 1,200/-രൂപയും നൽകിയിട്ടുണ്ട്. ആയതിന്റെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽപറഞ്ഞ കൈപ്പറ്റ് രസീതികളും, വൗച്ചറുകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ. 05/24-01-2020 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യത ഉറപ്പാക്കി ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, ശമ്പളം കൈപറ്റിയതിന്റെ കൈപ്പറ്റ് രസീതികളും, വൗച്ചറുകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 2,49,098/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-28 കേരള മെഡിക്കൽ സർവ്വിസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,പി.എച്ച്.സി

ബിൽ നമ്പർ- 05/18-19 തീയ്യതി 22-03-2019

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പ്രൊജക്ട് നം.15/19 പ്രകാരം ഗുരുതരമായി രോഗം ബാധിച്ച കിഡ്നി പേഷ്യന്റ്, ക്യാൻസർ പേഷ്യന്റ്, ഹാർട്ട് പേഷ്യന്റ് അതുപോലെ മറ്റ് നിർധനരായ 136 നിത്യ രോഗികൾക്ക് വിദഗ്ധ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം കഴിച്ച് കൊണ്ടിരിക്കുന്ന മരുന്നുകൾ വാങ്ങി നൽകുന്നതിനാണ് ഈ പദ്ധതി. പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 2,60,000/-രൂപ മുൻകൂറായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട്നം.3624001800000019)ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയുണ്ടായി. എന്നാൽ ഓഡിറ്റ് തീയ്യതിവരെ കേരള മെഡിക്കൽ സർവ്വിസസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനം മുഴുവൻ തുകയുടെയും മരുന്ന്

വിതരണം ചെയ്തതിന്റെ ഇൻവേയ്സ് രേഖകളോ, മരുന്ന് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളോ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മുൻകൂറായി നൽകിയ തുക 2,60,000/-രൂപ</u>

| ക്രമ നം | ഇൻവോയ്സ് നമ്പർ/ തീയ്യതി | ഇൻവോയ്സ് പ്രകാരം ലഭിച്ച മരുന്നുകളുടെ തുക | ബാക്കി ലഭിക്കേണ്ട മരുന്നുകളുടെ തുക |
|---|---|---|---|
| 1 | 2555/23-05-2019 | 14,785 | 20,978 |
| 2 | 4394/17-07-2019 | 15,228 | |
| 3 | 4395/17-07-2019 | 26,267 | |
| 4 | 4396/17-07-2019 | 19,802 | |
| 5 | 4397/17-07-2019 | 12,081 | |
| 6 | 4401/18-07-2019 | 49,966 | |
| 7 | 4398/18-07-2019 | 6,212 | |
| 8 | 8438/15-11-2019 | 15,213 | |
| 9 | 8434/15-11-2019 | 10,038 | |
| 10 | 9502/02-01-2020 | 27,992 | |
| 11 | 1253/15-11-2019 | 3,924 | |
| 12 | 4400/18-07-2019 | 37,514 | |
| ആകെ | | 2,39,022 | 20,978 |

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ. 07/24-01-2020 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 2,60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പാവപ്പെട്ട നിത്യരോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതി.

| | |
|---|---|
| പ്രോജക്ട് നം. | 16/19 |
| പ്രോജക്ടിന്റെ പേര് | പാവപ്പെട്ട നിത്യരോഗികൾക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി വെള്ളരിക്കുണ്ട് |
| ബിൽ നമ്പർ, തീയതി | 03/2018-19 തീയ്യതി.19-11-2018<br>1,00,000/- രൂപ |
| ഫണ്ട് വിവരങ്ങൾ | വികസന ഫണ്ട്- ടി.എസ്.പി |

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട നിത്യരോഗികൾക്കും മാരകരോഗികൾക്കും മരുന്ന് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിട്ടത്. ഇതനുസരിച്ച് മേൽ ബിൽ പ്രകാരം മരുന്ന് വാങ്ങുന്നതിനായി 1,00,000/-രൂപ മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക്(അക്കൗണ്ട് നം.3624001800000019 ) ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയുണ്ടായി. എന്നാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന സ്ഥാപനം മരുന്നുകൾ ഓഡിറ്റ് തീയ്യതിവരെ ഒന്നും തന്നെ പി എച്ച് സിലേക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും , ലഭ്യത ഉറപ്പാക്കി ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ. 06/24-01-2020 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-30 സ്കൂൾ മെയിന്റനൻസ്- ഓട് മാറ്റുന്ന പ്രവൃത്തിക്ക് അധികം നിരക്ക്

പ്രോജക്ട് നം 130/19- കനകപ്പള്ളി സ്കൂൾ മെയിന്റനൻസ്

ഫണ്ട്- 2,90,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ്- 2,08,145 (ബിൽ നം 45/18-19, തിയതി- 31.08.2018)

കരാറുകാരൻ - ശ്രീ. സിനോജ് എം ജോർജ് (എസ്റ്റിമേറ്റ് നിരക്ക്)

കരാർ നം 05/17-18,തിയതി 05.10.2017

എസ്റ്റിമേറ്റ്- 4,70,000 (DsoR 2016, 40.2% Cost Index)

എസ്റ്റിമേറ്റ് നം- 2017/104539

സാങ്കേതികാനുമതി- 54509/17-18, തിയതി- 05.08.2017

ഈ പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിലെ ഇനം 14, 15 എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

item no.14

od158472/2017-2018

Roofing with departmental MP tiles 340mm or nearest available size-

179.330 sqm @ 548.73/sqm= 98,403.75

item no.15

od158503/2017-2018

Roofing with MP tiles 340mm or nearest available size-

30 sqm @ 736.31/sqm= 22,089.30

പ്രവൃത്തിയുടെ അളവു പുസ്തകം നം 211/17-18 പ്രകാരം മേൽ ഇനങ്ങളുടെ അളവുകളും മൂല്യവും ചുവടെ ചേർക്കുന്നു.

| എം.ബുക്കിലെ പേജ് നം | ഇനം | അളവ് | നിരക്ക് | അനുവദിച്ച മൂല്യം |
|---|---|---|---|---|
| 6, 38 | 14 | 146.37 sqm | 548.73/sqm | 80,317.61 |
| 8, 39 | 15 | 30 sqm | 736.31/sqm | 22,089.30 |

മേൽ ഇനങ്ങൾക്ക് ഒവ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിയിട്ടുള്ളത്. ഒബ്സേർവ്ഡ് ഡാറ്റ ചുവടെ ചേർക്കുന്നു.

<u>item no.14</u>

od158472/2017-2018

Roofing with departmental MP tiles 340mm or nearest available size-

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 2207 | Brick tiles | 1000 nos | 145 | 166.03 | 24.07 |
| 0123 | Mason (brick layer, first class | day | 0.35 | 487 | 170.45 |
| 0101 | Bhisti | Day | 0.35 | 407 | 142.45 |
| | Total | | | | 336.97 |
| | Water charge 1% | | | | 3.36 |
| | CPOH 15% | | | | 51.05 |
| | Total | | | | 391.39 |
| | Cost index 40.2% | | | | 157.34 |
| | Total | | | | 548.73 |
| | Say 548.74/sqm | | | | |

<u>item no.15</u>

od158503/2017-2018

Roofing with MP tiles 340mm or nearest available size-

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | MP tiles 340mm | sqm | 17 | 9.50 | 161.50 |
| 2207 | Brick tiles | 1000 nos | 145 | 166.03 | 24.07 |
| 0123 | Mason (brick layer, first class | day | 0.35 | 487 | 170.45 |
| 0101 | Bhisti | Day | 0.35 | 407 | 142.45 |
| | Total | | | | 498.47 |
| | Water charge 1% | | | | 4.98 |
| | CPOH 15% | | | | 75.51 |

| | | | | | |
|---|---|---|---|---|---|
| | Total | | | | 578.97 |
| | Cost index 40.2% | | | | 157.34 |
| | Total | | | | 736.31 |
| | Say 736.31/sqm | | | | |

എസ്റ്റിമേറ്റ്, ഡാറ്റ എന്നിവയുടെ വിശകലനം നടത്തിയപ്പോൾ മേൽ പ്രവൃത്തി ഇനങ്ങൾക്ക് അനുവദിച്ച നിരക്കുകളിൽ അപാകതകൾ ഉള്ളതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് സ്പെസിഫിക്കേഷനുകളും ഡെൽഹി ഷെഡ്യൂൾ നിരക്കുകളും അടിസ്ഥാനമാക്കി കോഡ് 12.48 പ്രകാരം മേൽക്കൂരയിൽ ഓടുകൾ പാകുന്നതിനുള്ള ഡാറ്റയും നിരക്കുകളും നിലവിലുണ്ട്. ഈ ഡാറ്റയും നിരക്കുകളും പ്രൈസ് സ്റ്റോഫ്റ്റ്വെയറിയും ഉണ്ട്. ആയതിനാൽ ഈ ഇനങ്ങൾക്ക് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ട ആവശ്യം ഇല്ല.

2. ഇനം 14 ന്റെ ഡാറ്റയുടെ വിശകലനത്തിൽ ഡാറ്റ 10 sqm മീറ്റർ പ്രവൃത്തിക്ക് വേണ്ടിയുള്ളതാണെന്ന് കാണുന്നു. എന്നാൽ 10 sqm പ്രവൃത്തിക്ക് വേണ്ട ആകെ തുക 1 sqm പ്രവൃത്തിയുടെ നിരക്കായാണ് ഡാറ്റയിൽ കണക്കാക്കിയിരിക്കുന്നത്.

3. ഇനം 14 ന്റെ ഡാറ്റയുടെ വിശകലനത്തിൽ, ഓടിന്റെ വില 1 sqm നും മറ്റിനങ്ങളുടെ വിലകൾ 10 sqm മീറ്റർ പ്രവൃത്തിക്കും വേണ്ടിയുള്ളതാണെന്ന് കാണുന്നു. എന്നാൽ 10 sqm പ്രവൃത്തിക്ക് വേണ്ട ആകെ തുക 1 sqm പ്രവൃത്തിയുടെ നിരക്കായാണ് ഡാറ്റയിൽ കണക്കാക്കിയിരിക്കുന്നത്.

കേന്ദ്ര പൊതുമരാമത്ത് വകുപ്പ് സ്പെസിഫിക്കേഷനുകളും ഡെൽഹി ഷെഡ്യൂൾ നിരക്കുകളും അടിസ്ഥാനമാക്കി കോഡ് 12.48 പ്രകാരം മേൽക്കൂരയിൽ ഓടുകൾ പാകുന്നതിനുള്ള നിരക്ക് ചുവടെ ചേർക്കുന്നു.

കോഡ് 12.48-

providing and fixing on roof pressed clay tile (mangalore tile) of 20mm nominal thickness -

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details for 10 sqm | | | | |
| 8670 | MP tiles 20 mm thick | Each | 160 | 8 | 1280 |
| 2207 | Carriage Brick tiles | 1000 nos | 160 | 166.03 | 26.5648 |
| 0123 | Mason (brick layer, first class | day | 0.30 | 487 | 146.10 |
| 0114 | Beldar | Day | 1.56 | 368 | 574.08 |
| 9999 | sundries | LS | 13 | 1.73 | 22.49 |
| | Total | | | | 2049.23 |
| | Water charge 1% | | | | 20.49 |
| | CPOH 15% | | | | 310.46 |
| | Total | | | | 2380.18 |
| | Hence for 1 sqm | | | | 238.02 |
| | Cost index 40.2% | | | | 95.68 |
| | Total | | | | 333.70 |
| | Say 333.70/sqm | | | | |

<u>For departmental clay tiles-</u>

modified data of code 12.48-

providing and fixing on roof, departmental pressed clay tile (mangalore tile) of 20mm nominal thickness -

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details for 10 sqm | | | | |
| 0123 | Mason (brick layer, first class | day | 0.30 | 487 | 146.10 |
| 0114 | Beldar | Day | 1.56 | 368 | 574.08 |
| 9999 | sundries | LS | 13 | 1.73 | 22.49 |
| | Total | | | | 742.67 |
| | Water charge 1% | | | | 7.426 |
| | CPOH 15% | | | | 112.51 |
| | Total | | | | 862.61 |
| | Hence for 1 sqm | | | | 86.26 |
| | Cost index 40.2% | | | | 34.68 |
| | Total | | | | 120.93 |
| | Say 120.93/sqm | | | | |

ഇനം 14 ന് അനുവദനീയമായ നിരക്ക് 120.93/sqmഉം ഇനം 15 ന് അനുവദനീയമായ നിരക്ക് 333.70/sqm ഉം ആണ്. ആയതിനാൽ മേൽ ഇനങ്ങളിൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ കണക്കാക്കുന്നു.

| എം.ബുക്കിലെ പേജ് നം | ഇനം | അളവ് | അനുവദിച്ച നിരക്ക്, മൂല്യം | | അനുവദനീയമായ നിരക്ക്, മൂല്യം | | അധികം |
|---|---|---|---|---|---|---|---|
| | | | നിരക്ക് | അനുവദിച്ച മൂല്യം | നിരക്ക് | മൂല്യം | |
| 6, 38 | 14 | 146.37 sqm | 548.73/sqm | 80,317.61 | 120.93/sqm | 17,700.52 | 62,617.09 |
| 8, 39 | 15 | 30 sqm | 736.31/sqm | 22,089.30 | 333.70/sqm | 10,011 | 12,078.30 |
| ആകെ അധികം | | | | | | | 74,695.39 |

മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം രേഖാമൂലം വിശദീകരിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13, തിയതി 25.01.2020) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

# 1-31 റോഡ് ഫോർമേഷൻ- മൺപണി- ഫിനാൻസ് ഇൻസ്പെക്ഷൻ വിങ്ങിന്റെ നിർദേശം അവഗണിച്ചു- നഷ്ടം

പ്രോജക്ട് നം 65/19- ചെമ്പഞ്ചേരി കോളനി റോഡ് വികസനം, ഓവുചാൽ

ഫണ്ട്- വികസന ഫണ്ട് - 3,00,000

കരാറുകാരൻ- ശ്രീ.എം.ഡി.സെബാസ്റ്റ്യൻ

ബളാൽ ഗ്രാമപഞ്ചായത്തിലെ ചെമ്പഞ്ചേരി കോളനിയിലേക്കുള്ള നിലവിലുള്ള മൺറോഡിന്റെ കയറ്റം കുറച്ച് 162 മീറ്റർ മൺറോഡ് മെച്ചപ്പെടുത്തുക എന്നതായിരുന്നു പ്രോജക്ടിന്റെ ഉദ്ദേശ്യം. ഇതിനായി 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 1 ന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കോഡ് 3.5.1-

Excavation in cutting in soil by manual means with lead upto 50 meter as per technical specification clause 302.3

995.160 cum @ 241.04/cum = 2,39,873.37

മേൽ ഇനത്തിൽ 162 മീറ്റർ റോഡ് ഫോർമേഷനും 52 മീറ്റർ സൈഡ് വീതി കൂട്ടലും 162 മീറ്റർ ഒരു വശത്ത് മൺ ഓവുചാൽ നിർമാണവും ആണ് ഉദ്ദേശിച്ചിട്ടുള്ളത്.

നിലവിൽ ഉള്ള മൺ റോഡിന്റെ കയറ്റം കുറക്കാനുള്ള മൺ പണിക്ക് കോഡ് 3.5.1 പ്രകാരം മനുഷ്യാദ്ധ്വാനത്തിലൂടെ മണ്ണ് കിളച്ച് മാറ്റുന്ന നിരക്ക് അനുവദിച്ചത് എന്തിനാണെന്ന് വ്യക്തമല്ല. ഇത്തരത്തിലുള്ള മൺപണികൾ കരാറുകാർ ചെയ്യുന്നത് ഹൈഡ്രോളിക് എക്സ്കാവേറ്ററോ ജെ.സി.ബി യോ പോലുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ചാണ്.

ഫിനാൻസ് ഇൻസ്പെക്ഷൻ വിങ്ങ് (ടെക്നിക്കൽ)ന്റെ 19/09/2016 ലെ സർക്കുലർ നം 78/2016/ഫിൻ ലെ ക്രമ നം 6 പ്രകാരം ലൂസ് മണ്ണിലുള്ള മൺപണികൾ എക്സ്കാവേറ്റർ ഉപയോഗിച്ചാണ് ചെയ്യുന്നതെന്നും ആയതിനാൽ LSGD യിലെ പ്രവൃത്തികളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ മൺപണിയുടെ procedure/methodologyപ്രകാരമുള്ള ഇനങ്ങൾ മാത്രമേ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവൂ എന്ന് നിർദേശിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിലും മൺപണി എക്സ്കാവേറ്റർ ഉപയോഗിച്ച മാത്രമാണ് ചെയ്തിട്ടുണ്ടാവുക എന്ന് ഓഡിറ്റ് അനുമാനിക്കുന്നു. അതിന് കോഡ് 3.5.1- excavation by manual means ന്റെ നിരക്ക് അനുവദിച്ചത് അംഗീകരിക്കാനാവില്ല. ബുൾഡോസർ ഉപയോഗിച്ചുള്ള മൺപണിയുടെ നിരക്ക് കോഡ് 3.5.2 ൽ കണക്കാക്കിയിട്ടുണ്ട്. ഈ നിരക്കായിരുന്നു ഈ ഇനത്തിന് അനുവദിക്കേണ്ടിയിരുന്നത്. DsoR 2016, കോസ്റ്റ് ഇൻഡക്സ് 38.24% എന്നിവ അടിസ്ഥാനമാക്കി കോഡ് 3.5.2 ന് അനുവദനീയമായ നിരക്ക് 67.33/cumആണ്.

അനുവദിച്ച മൂല്യം- 995.10cum x 241.04/cum = 2,39,873.37

അനുവദനീയമായ മൂല്യം- 995.10cum x 67.33/cum = 67,000.08

അധികം- 1,72,873 രൂപ

മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം രേഖാമൂലം വിശദീകരിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, തിയതി 25.01.2020) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി നികത്തേണ്ടതാണ്.

# 1-32 മരാമത്ത് പ്രവൃത്തികൾ ചെലവു വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല

2018-19 വർഷം പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ, ചുവടെ ചേർത്ത പ്രവൃത്തികളുടെ ഫയലും ചെലവു രേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് റിക്വിസിഷൻ (നം.2, തിയതി 25.01.2020) നൽകിയിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല. ഹാജരാക്കാത്ത പ്രവൃത്തി ഫയലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | ബിൽ നം, തിയതി, തുക | തുക |
|---|---|---|---|
| 1 | 207/19- കൊന്നക്കാട് മൈക്കയം ഡ്രെയിനേജ് കോൺക്രീറ്റ് | 4/18-19, 24.05.2018 | 1,40,910 |
| 2 | 163/19- വെങ്കല്ല് വലിയപാമത്തട്ട് റോഡ് ടാറിങ്ങ് | 5/18-19, 24.05.2018 | 45,045 |

| | | | |
|---|---|---|---|
| 3 | 187/19- കാറളം മയ്യക്കുടി റോഡ് ടാറിങ്ങ് | 9/18-19, 24.05.2018 | 4,37,818 |
| 4 | 166/19-മരുതുംകുളം തലക്കുളം കോളനി റോഡ് ടാറിങ്ങ് | 13/18-19, 24.05.2018 | 3,30,019 |
| | ആകെ | | 9,53,792 |

ഫയലുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 9,53,792 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-33 മരാമത്ത് പ്രവൃത്തികൾ- വിവിധങ്ങളായ അപാകതകൾ

2018-19 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ, ചില പ്രവൃത്തികളിൽ കണ്ട അപാകതകൾ/ പോരായ്മകൾ ചുവടെ ചേർക്കുന്നു.

<u>1.കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തിയുടെ റിക്കവറി തുകകൾ അടച്ചതിന്റെ രേഖകൾ ഇല്ല-</u>

പ്രോജക്ട് നം - nil

പ്രവൃത്തി- ചാലിങ്കര കോളനിയിൽ നടപ്പാലം നിർമാണം

ഫണ്ട്- എസ്.ടി കോർപ്പസ് ഫണ്ട്

ഈ പ്രവൃത്തിക്കായി 21.03.2017 ലെ ഉത്തരവ് നം ബി-2153/2016 പ്രകാരം കാസറഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ 5,25,000 രൂപ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ കരാർ എടുത്ത കരാറുകാരൻ ശ്രീ.ഷൈബി സെബാസ്റ്റ്യൻ 4,85,317 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് പേമെന്റ് നടത്തേണ്ടിയിരുന്നത് ചുവടെ ചേർത്ത പ്രകാരമാണ്.

ആകെ പ്രവൃത്തി മൂല്യം- 4,85,317

(-) ആദായ നികുതി- 4,853

ക്ഷേമനിധി വിഹിതം- 4,853

ജി.എസ്.ടി- 9,706

നെറ്റ് തുക- 4,65,905

കരാറുകാരന് നൽകേണ്ടിയിരുന്ന നെറ്റ് തുകയായ 4,65,905 രൂപ 27.11.2018 ലെ ചെക്ക് നം 1059441 പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ക്ഷേമനിധി വിഹിതം, ജി.എസ്.ടി, ആദായ നികുതി എന്നിവ ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. രേഖകൾ റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

<u>2. തനതു ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തിയുടെ റിക്കവറി തുകകൾ അടച്ചതിന്റെ രേഖകൾ ഇല്ല-</u>

പ്രോജക്ട് നം -82/19- വാഴത്തട്ട് വലിയപാമത്തട്ട് റോഡ് വികസനം

ഫണ്ട്- തനതു ഫണ്ട്- 4,75,000

ചെലവ്- 4,55,336 (ചെക്ക് നം 1059447, 29.12.2018)

ഈ പ്രവൃത്തിയുടെ കരാർ എടുത്ത കരാറുകാരൻ ശ്രീ. എം.ഡി സെബാസ്റ്റ്യൻ 4,74,308രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് പേമെന്റ് നടത്തേണ്ടിയിരുന്നത് ചുവടെ ചേർത്ത പ്രകാരമാണ്.

ആകെ പ്രവൃത്തി മൂല്യം- 4,74,308

(-) ആദായ നികുതി- 4,743

ക്ഷേമനിധി വിഹിതം- 4,743

ജി.എസ്.ടി- 9,486

നെറ്റ് തുക- 4,55,336

കരാറുകാരന് നൽകേണ്ടിയിരുന്ന നെറ്റ് തുകയായ 4,55,336 രൂപ 29.12.2018 ലെ ചെക്ക് നം 1059447 പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ക്ഷേമനിധി വിഹിതം, ജി.എസ്.ടി, ആദായ നികുതി എന്നിവ ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. രേഖകൾ റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

<u>3- ദുരന്ത നിവാരണം- പാറ പൊട്ടിച്ചതു സംബന്ധിച്ച് അധിക വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്-</u>

പ്രേജക്ട് നം 264/19- കണ്ണീർവാടി മരുതോംകവല റോഡ് മെയിന്റനൻസ്

തനതു ഫണ്ട്- 1,63,000

കരാറുകാരൻ- ശ്രീ.എം.ഡി.സെബാസ്റ്റ്യൻ

ചെലവ്- ചെക്ക് നം 073387/29.10.2018- 1,56,800

2018 ജൂലൈ മാസം 21 ന് ഉണ്ടായ ശക്തമായ മഴയിൽ കണ്ണീർവാടി മരുതോംകവല റോഡിലേക്ക് തൊട്ടടുത്ത വനത്തിൽ നിന്നും ഉരുണ്ടു വീണ പാറക്കല്ല് അടിയന്തിരമായി പൊട്ടിച്ച് നീക്കാനുള്ളതായിരുന്ന ഈ പ്രോജക്ട്. ബളാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 31.07.2018 ലെ 8(2) നമ്പർ തീരുമാന പ്രകാരവും ജി.ഒ(ആർ.ടി)നം 2262/2018/തസ്വഭവ, തിയതി 16.08.2018 ലെ അനുമതികൾ അനുസരിച്ചും അടിയന്തിര സ്വഭാവത്തോടെയായിരുന്ന ഈ പ്രവൃത്തി നടത്തിയത്. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ അളവു പുസ്തകം നം 10/18-19 ലെ പേജ് 2 പ്രകാരം 10x3.70x3.80 മീറ്റർ അളവിലുള്ള പാറ വെടിയുപയോഗിച്ച് പൊട്ടിക്കുകയും അതു വഴി ലഭിച്ച 140.6cum കല്ല് റോഡരികിൽ സ്റ്റാക്ക് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഈ കല്ലിന്റെ അളവ് 10x3.7x3 മീറ്റർ ആണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് (നം 2018/112248) പ്രകാരം പാറയുടെ അളവ് 10x3.5x4 മീറ്റർ ആണ്. പഞ്ചായത്ത് സെക്രട്ടറി 25.07.2018 ന് കാസറഗോഡ് ജില്ലാ കളക്ടർക്ക് അയച്ച 3712/18 നമ്പർ കത്ത് പ്രകാരം ഈ പാറയുടെ അളവ് 5x4x4 മീറ്റർ ആണ്. പഞ്ചായത്ത് സെക്രട്ടറി 17.08.2018 ന് കാസറഗോഡ് ജില്ലാ കളക്ടർക്ക് അയച്ച 3712/18 (1) നമ്പർ കത്ത് പ്രകാരം ഈ പാറയുടെ അളവ് 10x7x5 മീറ്റർ ആണ്. ഇപ്രകാരം പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള വിവിധ രേഖകളിൽ പാറയുടെ അളവ് വ്യത്യസ്തമായാണ് കാണുന്നത്. പാറയുടെ അളവ് സംബന്ധിച്ച് വ്യക്തതയില്ലാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2. പ്രവൃത്തിയുടെ അളവു പുസ്തകം നം 10/18-19 ലെ പേജ് 2 പ്രകാരം 10x3.70x3.80 മീറ്റർ അളവിലുള്ള പാറ വെടിയുപയോഗിച്ച് പൊട്ടിക്കുകയും അതു വഴി ലഭിച്ച 140.6cum കല്ല് റോഡരികിൽ സ്റ്റാക്ക് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കല്ലുകൾ ലേലം വഴി വിൽക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഉത്തരവ് നൽകേണ്ടതാണ് എന്ന് സെക്രട്ടറി ഫയയിൽ കുറിപ്പ് എഴുതിയിട്ടുണ്ട്. ഇതിലുള്ള തുടർ നടപടികൾ വ്യക്തമാക്കേണ്ടതാണ്.

3. പ്രവൃത്തിയുടെ ബില്ലിൽ നിന്നും 1% ആദായ നികുതി- 1,600 രൂപ, 1% നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം- 1,600 രൂപ, എന്നിവ കുറവു ചെയ്താണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. എന്നാൽ ഇവ അതാത് സ്ഥാപനങ്ങളിൽ അടച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. രേഖകൾ റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

<u>4. പിഴ തുക പിൻവലിച്ച് പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു-</u>

മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ബിൽ തുക നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനുള്ള പിഴ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് ട്രഷറിയിലുള്ള പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. യഥാർത്ഥത്തിൽ പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്നും പിഴയിനത്തിലുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതുള്ളൂ. അതിനു പകരം പിഴ തുക അടക്കമുള്ള തുക പിൻവലിച്ച് പിഴ തുക പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ അക്കൗണ്ടിലേക്ക് മാറ്റുക വഴി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക

പിൻവലിച്ച് പഞ്ചായത്തിന്റെ വരുമാനം ആക്കി മാറ്റുന്നതിലേക്ക് വഴി വച്ചു. ഇത് ശരിയല്ല. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയ പിഴ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | ബിൽ നം. തിയതി, തുക | പിഴ യിനത്തിൽ തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച തുക |
|---|---|---|
| പ്രോജക്ട് നം 179/19- വെള്ളരിക്കുണ്ട് മങ്കയം മണക്കടവ് റോഡ് റീടാറിങ്ങ് | 2,96,115 മെയിന്റനൻസ് ഫണ്ട് റോഡ്<br>ബിൽ നം 112/11.03.2019 | 14,976 |

പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിലവിലുള്ള തുക പിൻവലിച്ച് സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>5. കിളച്ചു മാറ്റിയ മണ്ണ് എന്തു ചെയ്തുവെന്ന് വ്യക്തമല്ല-</u>

2018-19 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ വലിയ അളവിൽ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. ഇപ്രകാരം കിളച്ചെടുത്ത മണ്ണ് എന്ത് ചെയ്തുവെന്ന് പ്രവൃത്തിയുടെ ഫയലിലോ അളവു പുസ്തകത്തിലോ വ്യക്തമാക്കിയിട്ടില്ല. ഈ പ്രവൃത്തികളിൽ കിളച്ചെടുത്ത മണ്ണ് എങ്ങനെയാണ് ഡിസ്പോസ് ചെയ്തത് എന്ന് വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം, പേര് | കിളച്ചെടുത്ത മണ്ണിന്റെ അളവ് | | റിമാർക്സ് |
|---|---|---|---|---|
| | | എം.ബുക്ക് നം | അളവ് | |
| 1 | 66/19- മഞ്ചുച്ചാൽ കാണി റോഡ് | 36/18-19 | 1334.05 cum | |
| 2 | പ്രോജക്ട് നം 65/19- ചെമ്പഞ്ചേരി കോളനി റോഡ് വികസനം, ഓവുചാൽ | 26/18-19 | 995.10 cum | |
| 3 | പ്രോജക്ട് നം -82/19- വാഴത്തട്ട് വലിയപാമത്തട്ട് റോഡ് വികസനം | 25/18-19 | 1387.80 cum | |

<u>6. വെള്ളരിക്കുണ്ട് ഓൾഡ് ഏജ് റിക്രിയേഷൻ സെന്റർ ഒന്നാം നില പൂർത്തീകരണം- സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് നിർമിച്ച കെട്ടിടത്തിന് വികസന ഫണ്ട് ചെലവഴിച്ചു</u>

പ്രോജക്ട് നം- 126/19- വെള്ളരിക്കുണ്ട് ഓൾഡ് ഏജ് ഹോം രണ്ടാം നില പൂർത്തീകരണം

ഫണ്ട്- 3 ലക്ഷം രൂപ (വികസന ഫണ്ട്)

ചെലവ്- 2,73,798 (ബിൽ നം 50/18-19, 14.11.2018)

ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി വെള്ളരിക്കുണ്ടിൽ നിർമിച്ചിട്ടുള്ള വയോജന വിശ്രമ കേന്ദ്രത്തിന്റെ ഒന്നാം നിലയിൽ ടൈലുകൾ പാകുകയും ജനൽ പാളികൾ ഫിറ്റ് ചെയ്യുകയും ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്രോജക്ടിന്റെ പേര് വെള്ളരിക്കുണ്ട് ഓൾഡ് ഏജ് ഹോം രണ്ടാം നില പൂർത്തീകരണം എന്നാണ്. എന്നാൽ ഇത് ഓൾഡ് ഏജ് ഹോം അല്ല. കൂടാതെ ഈ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ അല്ല, ഒന്നാം നിലയിലാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

ഈ കെട്ടിടത്തിന് ചെലവിൽ 2017-18 ൽ ഒന്നാം നില നിർമിച്ചിട്ടുണ്ട്. ഈ കെട്ടിടം നിർമിച്ചിട്ടുള്ളത് സ്വകാര്യ വ്യക്തിയുടെ ഭൂമിയിലാണ്. ഭൂമി പഞ്ചായത്തിന് രജിസ്റ്റർ ചെയ്ത് കൈമാറിയിട്ടുണ്ടെന്ന് പറയപ്പെടുന്നുവെങ്കിലും ഇത് സംബന്ധിച്ച രേഖകൾ പഞ്ചായത്തിന്റെ പക്കൽ ഇല്ല. ആസ്തി രജിസ്റ്ററിൽ ഈ ഭൂമിയോ അതിൽ പണിത കെട്ടിടമോ ഉൾപ്പെട്ടിട്ടില്ല എന്ന് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 ൽ വ്യക്തമായ നിരീക്ഷണം

നടത്തിയിട്ടുണ്ടെങ്കിലും ഇത് പരിഗണിക്കാതെയാണ് 2018-19 ലും മേൽപറഞ്ഞ രീതിയിൽ ചെലവ് നടത്തിക്കാണുന്നത്. ഈ സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-34 സമ്പൂർണ്ണ ശുചിത്വം-ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ 10.88 ലക്ഷം രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള ശുചിത്വ മിഷൻ അക്കൗണ്ടിൽ (എസ്.ബി.ഐ വെള്ളരിക്കുണ്ട്.A/C No.67325406427) 25.12.2019 ൽ 10,88,075/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കി , ഇക്കാര്യം ശുചിത്വമിഷനെ രേഖാമൂലം അറിയിച്ച് , ശുചിത്വമിഷനിൽ നിന്നുള്ള നിർദ്ദേശാനുസരണം പ്രസ്തുത തുക തിരികെ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഗ്രാമ വികസന കമ്മീഷണറുടെ 08/04/2019 ലെ നം.15574/ഐ.എ1/18/CRD കത്ത് പ്രകാരം ഇത്തരം അക്കൗണ്ടുകളിൽ ലഭിച്ച പലിശ തുക സഞ്ചിത നിധിയിലേയ്ക്കും, ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക ശുചിത്വ മിഷനിലേയ്ക്കും തിരികെ ഒടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്)

# 1-35 പോർട്ടബിൾ ബയോഗ്യാസ് 2016-17റെയ്ഡ്കോയ്ക്ക് തുക നൽകൽ -ചെലവ് രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് : പോർട്ടബിൾ ബയോഗ്യാസ് 2016-17 റെയ്ഡ്കോയ്ക്ക് തുക നൽകൽ

പ്രൊജക്ട് നമ്പർ . : 217/18-19,

ഫണ്ട് ഇനം . : മറ്റുള്ളവ (ശുചിത്വ മിഷൻ വിഹിതം &ഗുണഭോക്തൃ വിഹിതം)

അടങ്കൽ തുക . : 2,91,250 രൂപ

ചെലവ് തുക . : 2,91,250രൂപ

ചെക്ക് നമ്പർ . : (1) 3707787 തിയ്യതി.28-05-2018 തുക-2,55,500രൂപ

(2) 1059406തിയ്യതി.28-05-2018 തുക- 35,750 രൂപ

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,ശുചിത്വ മിഷൻ വിഹിതം, ഗുണഭോക്തൃവിഹിതം എന്നീയിനങ്ങളിലായി 2,91,250 രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 വർഷത്തിലെ സ്പിൽ ഓവർ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയാണ് തുക ചെലവഴിച്ചിട്ടുള്ളത്.2,91,250 രൂപ കൈപ്പറ്റിയ റെയ്ഡ്കോയുടെ കൈപ്പറ്റ് രശീത് പരിശോധനയ്ക്ക ഓഡിറ്റിന് ഹാജരാക്കിട്ടുണ്ടെങ്കിലും ചെലവുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 2,91,250രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (റിക്വിസിഷൻ നമ്പർ 2 തി.23.01.2020)

# 1-36 മാലിന്യ സംസ്കരണം, പോർട്ടബിൾ ബയോഗ്യാസ് പദ്ധതി നടത്തിപ്പിൽ അപാകത- 68,250 രൂപ നിരാകരിക്കുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് : മാലിന്യ സംസ്കരണം പോർട്ടബിൾ പ്ലാൻറ് ബയോഗ്യാസ്

പ്രൊജക്ട് നമ്പർ . : 219/18-19,

ഫണ്ട് ഇനം . : വികസന ഫണ്ട് (ജനറൽ)

അടങ്കൽ തുക . : 2,62,500 രൂപ

ചെലവ് തുക . : 2,62,500 രൂപ

ബിൽ നമ്പർ . : (1) 182055201340 0117662 തിയ്യതി.16-05-2018 തുക-1,73,250 രൂപ

(2) 18200552013901352678 തിയ്യതി.12-03-2019തുക- 89,250 രൂപ

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , വികസനഫണ്ടിൽ നിന്നും 2,62,500 രൂപ ചെലവഴിച്ചിട്ടുണ്ട്. 50% സബ്സിഡി നിരക്കിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.ഒരു പ്ലാൻറിന് 10,500രൂപയാണ് വില. ആകെ 50 ഗുണഭോക്താക്കളുടെ സബ്സിഡി തുകയായ 2,62,500 (50x5250=2,62,500 )രൂപ സർക്കാർ അംഗീകൃത സ്ഥാപനമായ റെയ്ഡ്കോയ്ക്ക് ഓൺലൈൻ മുഖേന ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് , എന്നാൽ കൈപ്പറ്റ് രശീത് പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. അംഗീകൃത ഗുണഭോക്തൃപ്പട്ടികയിൽപ്പെട്ട 50 പേരിൽ 37 ഗുണഭോക്താക്കൾക്ക് മാത്രമാണ് ബയോഗ്യാസ് പ്ലാൻറ് വിതരണം ചെയ്തിട്ടുള്ളത്.13 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാൻറ് വിതരണം ചെയ്തിട്ടില്ല . (50-37=13). 13 ഗുണഭോക്താക്കളുടെ സബ്സിഡി തുക ഇനത്തിൽ 5250 രൂപ വീതം റെയ്ഡ്കോയ്ക്ക് അധികമായി നൽകിയ 68,250 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-37 മഴക്കാല പൂർവ്വ ശുചീകരണം -തുക ചെലവഴിക്കുവാൻ അവശേഷിക്കുന്നു

മഴക്കാല പൂർവ്വ ശുചിത്വ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ വിഹിതമിനത്തിൽ കൊന്നക്കാട് പി.എച്ച്.സി ക്ക് 2018-19 വർഷം 85,000/ രൂപ അനുവദിക്കുകയുണ്ടായി. ഈ തുക 8 വാർഡുകളിലെ ശുചിത്വ സമിതികൾക്ക് മെഡിക്കൽ ഓഫീസർ കൈമാറുകയുണ്ടായി . എന്നാൽ പതിനായിരം രൂപ വീതം ലഭിച്ച അഞ്ചാം വാർഡ് ആരോഗ്യ ശുചിത്വ സമിതി 4,800/- രൂപയും , ആറാം വാർഡ് ശുചിത്വ സമിതി 5,100/- രൂപയും നാളിതുവരെ ചെലവഴിച്ചിട്ടില്ല. ഭരണസമിതിയുടെ അംഗീകാരത്തോടെ തുടർ വർഷം അവശേഷിച്ച തുക ചെലവഴിക്കുകയോ, അല്ലെങ്കിൽ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്. മഴക്കാല പൂർവ്വ ശുചിത്വ പ്രവർത്തനങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം നിശ്ചിത സമയപരിധി പാലിച്ച് തന്നെ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന പരാമർശങ്ങൾ ഇല്ല.

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സ്കൂൾ മെയിന്റനൻസ്- ഓട് മാറ്റുന്ന പ്രവൃത്തിക്ക് അധികം നിരക്ക്

പ്രോജക്ട് നം 130/19- കനകപ്പള്ളി സ്കൂൾ മെയിന്റനൻസ്

ഫണ്ട്- 2,90,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ്- 2,08,145 (ബിൽ നം 45/18-19, തിയതി- 31.08.2018)

കരാറുകാരൻ - ശ്രീ. സിനോജ് എം ജോർജ് (എസ്റ്റിമേറ്റ് നിരക്ക്)

കരാർ നം 05/17-18,തിയതി 05.10.2017

എസ്റ്റിമേറ്റ്- 4,70,000 (DsoR 2016, 40.2% Cost Index)

എസ്റ്റിമേറ്റ് നം- 2017/104539

സാങ്കേതികാനമതി- 54509/17-18, തിയതി- 05.08.2017

ഈ പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിലെ ഇനം 14, 15 എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>item no.14</u>

od158472/2017-2018

Roofing with departmental MP tiles 340mm or nearest available size-

179.330 sqm @ 548.73/sqm= 98,403.75

<u>item no.15</u>

od158503/2017-2018

Roofing with MP tiles 340mm or nearest available size-

30 sqm @ 736.31/sqm= 22,089.30

പ്രവൃത്തിയുടെ അളവു പുസ്തകം നം 211/17-18 പ്രകാരം മേൽ ഇനങ്ങളുടെ അളവുകളും മൂല്യവും ചുവടെ ചേർക്കുന്നു.

| എം.ബുക്കിലെ പേജ് നം | ഇനം | അളവ് | നിരക്ക് | അനുവദിച്ച മൂല്യം |
|---|---|---|---|---|
| 6, 38 | 14 | 146.37 sqm | 548.73/sqm | 80,317.61 |
| 8, 39 | 15 | 30 sqm | 736.31/sqm | 22,089.30 |

മേൽ ഇനങ്ങൾക്ക് ഒവ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിയിട്ടുള്ളത്. ഒബ്സേർവ്ഡ് ഡാറ്റ ചുവടെ ചേർക്കുന്നു.

<u>item no.14</u>

od158472/2017-2018

Roofing with departmental MP tiles 340mm or nearest available size-

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 2207 | Brick tiles | 1000 nos | 145 | 166.03 | 24.07 |
| 0123 | Mason (brick layer, first class | day | 0.35 | 487 | 170.45 |
| 0101 | Bhisti | Day | 0.35 | 407 | 142.45 |
| | Total | | | | 336.97 |
| | Water charge 1% | | | | 3.36 |
| | CPOH 15% | | | | 51.05 |
| | Total | | | | 391.39 |
| | Cost index 40.2% | | | | 157.34 |
| | Total | | | | 548.73 |
| | Say 548.74/sqm | | | | |

item no.15

od158503/2017-2018

Roofing with MP tiles 340mm or nearest available size-

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | MP tiles 340mm | sqm | 17 | 9.50 | 161.50 |
| 2207 | Brick tiles | 1000 nos | 145 | 166.03 | 24.07 |
| 0123 | Mason (brick layer, first class | day | 0.35 | 487 | 170.45 |
| 0101 | Bhisti | Day | 0.35 | 407 | 142.45 |
| | Total | | | | 498.47 |
| | Water charge 1% | | | | 4.98 |
| | CPOH 15% | | | | 75.51 |
| | Total | | | | 578.97 |
| | Cost index 40.2% | | | | 157.34 |
| | Total | | | | 736.31 |
| | Say 736.31/sqm | | | | |

എസ്റ്റിമേറ്റ്, ഡാറ്റ എന്നിവയുടെ വിശകലനം നടത്തിയപ്പോൾ മേൽ പ്രവൃത്തി ഇനങ്ങൾക്ക് അനുവദിച്ച നിരക്കുകളിൽ അപാകതകൾ ഉള്ളതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് സ്പെസിഫിക്കേഷനുകളും ഡെൽഹി ഷെഡ്യൂൾ നിരക്കുകളും അടിസ്ഥാനമാക്കി കോഡ് 12.48 പ്രകാരം മേൽക്കൂരയിൽ ഓടുകൾ പാകുന്നതിനുള്ള ഡാറ്റയും നിരക്കുകളും നിലവിലുണ്ട്. ഈ ഡാറ്റയും നിരക്കുകളും പ്രൈസ് സ്ലോഫ്റ്റ്വെയറിയും ഉണ്ട്. ആയതിനാൽ ഈ ഇനങ്ങൾക്ക് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ട ആവശ്യം ഇല്ല.

2. ഇനം 14 ന്റെ ഡാറ്റയുടെ വിശകലനത്തിൽ ഡാറ്റ 10 sqm മീറ്റർ പ്രവൃത്തിക്ക് വേണ്ടിയുള്ളതാണെന്ന് കാണുന്നു. എന്നാൽ 10 sqm പ്രവൃത്തിക്ക് വേണ്ട ആകെ തുക 1 sqm പ്രവൃത്തിയുടെ നിരക്കായാണ് ഡാറ്റയിൽ കണക്കാക്കിയിരിക്കുന്നത്.

3. ഇനം 14 ന്റെ ഡാറ്റയുടെ വിശകലനത്തിൽ, ഓടിന്റെ വില 1 sqm നും മറ്റിനങ്ങളുടെ വിലകൾ 10 sqm മീറ്റർ പ്രവൃത്തിക്കും വേണ്ടിയുള്ളതാണെന്ന് കാണുന്നു. എന്നാൽ 10 sqm പ്രവൃത്തിക്ക് വേണ്ട ആകെ തുക 1 sqm പ്രവൃത്തിയുടെ നിരക്കായാണ് ഡാറ്റയിൽ കണക്കാക്കിയിരിക്കുന്നത്.

കേന്ദ്ര പൊതുമരാമത്ത് വകുപ്പ് സ്പെസിഫിക്കേഷനുകളും ഡെൽഹി ഷെഡ്യൂൾ നിരക്കുകളും അടിസ്ഥാനമാക്കി കോഡ് 12.48 പ്രകാരം മേൽക്കൂരയിൽ ഓടുകൾ പാകുന്നതിനുള്ള നിരക്ക് ചുവടെ ചേർക്കുന്നു.

കോഡ് 12.48-

providing and fixing on roof pressed clay tile (mangalore tile) of 20mm nominal thickness -

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details for 10 sqm | | | | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 8670 | MP tiles 20 mm thick | Each | 160 | 8 | 1280 |
| 2207 | Carriage Brick tiles | 1000 nos | 160 | 166.03 | 26.5648 |
| 0123 | Mason (brick layer, first class | day | 0.30 | 487 | 146.10 |
| 0114 | Beldar | Day | 1.56 | 368 | 574.08 |
| 9999 | sundries | LS | 13 | 1.73 | 22.49 |
| | Total | | | | 2049.23 |
| | Water charge 1% | | | | 20.49 |
| | CPOH 15% | | | | 310.46 |
| | Total | | | | 2380.18 |
| | Hence for 1 sqm | | | | 238.02 |
| | Cost index 40.2% | | | | 95.68 |
| | Total | | | | 333.70 |
| | Say 333.70/sqm | | | | |

For departmental clay tiles-

modified data of code 12.48-

providing and fixing on roof, departmental pressed clay tile (mangalore tile) of 20mm nominal thickness -

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details for 10 sqm | | | | |
| 0123 | Mason (brick layer, first class | day | 0.30 | 487 | 146.10 |
| 0114 | Beldar | Day | 1.56 | 368 | 574.08 |
| 9999 | sundries | LS | 13 | 1.73 | 22.49 |
| | Total | | | | 742.67 |
| | Water charge 1% | | | | 7.426 |
| | CPOH 15% | | | | 112.51 |
| | Total | | | | 862.61 |
| | Hence for 1 sqm | | | | 86.26 |
| | Cost index 40.2% | | | | 34.68 |
| | Total | | | | 120.93 |
| | Say 120.93/sqm | | | | |

ഇനം 14 ന് അനുവദനീയമായ നിരക്ക് 120.93/sqmഉം ഇനം 15 ന് അനുവദനീയമായ നിരക്ക് 333.70/sqm ഉം ആണ്. ആയതിനാൽ മേൽ ഇനങ്ങളിൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ കണക്കാക്കുന്നു.

| എം.ബുക്കിലെ പേജ് നം | ഇനം | അളവ് | അനുവദിച്ച നിരക്ക്, മൂല്യം | | അനുവദനീയമായ നിരക്ക്, മൂല്യം | | അധികം |
|---|---|---|---|---|---|---|---|
| | | | | | | | |

| | | | നിരക്ക് | അനുവദിച്ച മൂല്യം | നിരക്ക് | മൂല്യം | |
|---|---|---|---|---|---|---|---|
| 6, 38 | 14 | 146.37 sqm | 548.73/sqm | 80,317.61 | 120.93/sqm | 17,700.52 | 62,617.09 |
| 8, 39 | 15 | 30 sqm | 736.31/sqm | 22,089.30 | 333.70/sqm | 10,011 | 12,078.30 |
| ആകെ അധികം | | | | | | | 74,695.39 |

മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം രേഖാമൂലം വിശദീകരിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13, തിയതി 25.01.2020) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം 74,695/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

# 3-2 റോഡ് ഫോർമേഷൻ- മൺപണി- ഫിനാൻസ് ഇൻസ്പെക്ഷൻ വിങ്ങിന്റെ നിർദേശം അവഗണിച്ചു- നഷ്ടം

പ്രോജക്ട് നം 65/19- ചെമ്പഞ്ചേരി കോളനി റോഡ് വികസനം, ഓവുചാൽ

ഫണ്ട്- വികസന ഫണ്ട് - 3,00,000

കരാറുകാരൻ- ശ്രീ.എം.ഡി.സെബാസ്റ്റ്യൻ

ബളാൽ ഗ്രാമപഞ്ചായത്തിലെ ചെമ്പഞ്ചേരി കോളനിയിലേക്കുള്ള നിലവിലുള്ള മൺറോഡിന്റെ കയറ്റം കുറച്ച് 162 മീറ്റർ മൺറോഡ് മെച്ചപ്പെടുത്തുക എന്നതായിരുന്നു പ്രോജക്ടിന്റെ ഉദ്ദേശ്യം. ഇതിനായി 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 1 ന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കോഡ് 3.5.1-

Excavation in cutting in soil by manual means with lead upto 50 meter as per technical specification clause 302.3

995.160 cum @ 241.04/cum = 2,39,873.37

മേൽ ഇനത്തിൽ 162 മീറ്റർ റോഡ് ഫോർമേഷനും 52 മീറ്റർ സൈഡ് വീതി കൂട്ടലും 162 മീറ്റർ ഒരു വശത്ത് മൺ ഓവുചാൽ നിർമാണവും ആണ് ഉദ്ദേശിച്ചിട്ടുള്ളത്.

നിലവിൽ ഉള്ള മൺ റോഡിന്റെ കയറ്റം കുറക്കാനുള്ള മൺ പണിക്ക് കോഡ് 3.5.1 പ്രകാരം മനുഷ്യാദ്ധ്വാനത്തിലൂടെ മണ്ണ് കിളച്ച് മാറ്റുന്ന നിരക്ക് അനുവദിച്ചത് എന്തിനാണെന്ന് വ്യക്തമല്ല. ഇത്തരത്തിലുള്ള മൺപണികൾ കരാറുകാർ ചെയ്യുന്നത് ഹൈഡ്രോളിക് എക്സ്കവേറ്ററോ ജെ.സി.ബി യോ പോലുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ചാണ്.

ഫിനാൻസ് ഇൻസ്പെക്ഷൻ വിങ്ങ് (ടെക്നിക്കൽ)ന്റെ 19/09/2016 ലെ സർക്കുലർ നം 78/2016/ഫിൻ ലെ ക്രമ നം 6 പ്രകാരം ലൂസ് മണ്ണിലുള്ള മൺപണികൾ എക്സ്കവേറ്റർ ഉപയോഗിച്ചാണ് ചെയ്യുന്നതെന്നും ആയതിനാൽ LSGD യിലെ പ്രവൃത്തികളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ മൺപണിയുടെ procedure/methodologyപ്രകാരമുള്ള ഇനങ്ങൾ മാത്രമേ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവൂ എന്ന് നിർദേശിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിലും മൺപണി എക്സ്കവേറ്റർ ഉപയോഗിച്ചു മാത്രമാണ് ചെയ്തിട്ടുണ്ടാവുക എന്ന് ഓഡിറ്റ് അനുമാനിക്കുന്നു. അതിന് കോഡ് 3.5.1- excavation by manual means ന്റെ നിരക്ക് അനുവദിച്ചത് അംഗീകരിക്കാനാവില്ല. ബുൾഡോസർ ഉപയോഗിച്ചുള്ള മൺപണിയുടെ നിരക്ക് കോഡ് 3.5.2 ൽ കണക്കാക്കിയിട്ടുണ്ട്. ഈ നിരക്കായിരുന്നു ഈ ഇനത്തിന് അനുവദിക്കേണ്ടിയിരുന്നത്. DSOR 2016, കോസ്റ്റ് ഇന്റക്സ് 38.24% എന്നിവ അടിസ്ഥാനമാക്കി കോഡ് 3.5.2 ന് അനുവദനീയമായ നിരക്ക് 67.33/cumആണ്.

അനുവദിച്ച മൂല്യം- 995.10cum x 241.04/cum = 2,39,873.37

അനുവദനീയമായ മൂല്യം- 995.10cum x 67.33/cum = 67,000.08

അധികം- 1,72,873 രൂപ

മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം രേഖാമൂലം വിശദീകരിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, തിയതി 25.01.2020) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം 1,72,873/-രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി നികത്തേണ്ടതാണ്.

## 3-3 മാലിന്യ സംസ്കരണം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് പദ്ധതി നടത്തിപ്പിൽ അപാകത -68,250 രൂപ നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് : മാലിന്യ സംസ്കരണം പോർട്ടബിൾ പ്ലാൻറ് ബയോഗ്യാസ്

പ്രൊജക്ട് നമ്പർ . : 219/18-19,

ഫണ്ട് ഇനം . : വികസന ഫണ്ട് (ജനറൽ)

അടങ്കൽ തുക . : 2,62,500 രൂപ

ചെലവ് തുക . : 2,62,500 രൂപ

ബിൽ നമ്പർ . : (1) 1820552013400117662 തിയ്യതി.16-05-2018 തുക-1,73,250 രൂപ

(2) 18200552013901352678 തിയ്യതി.12-03-2019തുക- 89,250 രൂപ

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , വികസനഫണ്ടിൽ നിന്നും 2,62,500 രൂപ ചെലവഴിച്ചിട്ടുണ്ട്. 50% സബ്സിഡി നിരക്കിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.ഒരു പ്ലാൻറിന് 10,500രൂപയാണ് വില. ആകെ 50 ഗുണഭോക്താക്കളുടെ സബ്സിഡി തുകയായ 2,62,500 (50x5250=2,62,500 )രൂപ സർക്കാർ അംഗീകൃത സ്ഥാപനമായ റെയ്ഡ്കോയ്ക്ക് ഓൺലൈൻ മുഖേന ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്, എന്നാൽ കൈപ്പറ്റ് രശീത് പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. അംഗീകൃത ഗുണഭോക്തൃപ്പട്ടികയിൽപ്പെട്ട 50 പേരിൽ 37 ഗുണഭോക്താക്കൾക്ക് മാത്രമാണ് ബയോഗ്യാസ് പ്ലാൻറ് വിതരണം ചെയ്തിട്ടുള്ളത്. 13 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാൻറ് വിതരണം ചെയ്തിട്ടില്ല . (50-37=13). 13 ഗുണഭോക്താക്കളുടെ സബ്സിഡി തുക ഇനത്തിൽ 5250 രൂപ വീതം റെയ്ഡ്കോയ്ക്ക് അധികമായി നൽകിയ 68,250 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018- | 10-07-2019 മുതൽ 11-07-2019 വരെ | കെ.എസ്.എ- |

| 19 | | കെ.എസ്.ഡി3/750/2019, തീയ്യതി.25-07-2019. |
|---|---|---|

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 272000 | പച്ചക്കറി ക്ലസ്റ്ററുകൾക്ക് കൂലിചെലവ് സബ്സിഡി | 272000 | 0 |
| | 2018-19 | 15000 | സമ്പൂർണ്ണ എലി നശീകരണം | 15000 | 0 |
| | 2018-19 | 1220994 | ലൈഫ് ഭവനപദ്ധതി | 1220994 | 0 |
| | 2018-19 | 2447183 | ലൈഫ് ഗുണഭോക്താക്കൾക്ക് തുക നൽകൽ | 2447183 | 0 |
| | 2018-19 | 62500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 62000 | 500 |
| | 2018-19 | 412976 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 412976 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 522222 | ലൈഫ് ഭവനപദ്ധതി | 342222 | 180000 |
| | 2018-19 | 2347699 | ലൈഫ് ഗുണഭോക്താക്കൾക്ക് തുക നൽകൽ | 2347699 | 0 |
| | 2018-19 | 1000000 | കനകപ്പള്ളി ശ്മശാന നിർമ്മാണം. | 0 | 1000000 |
| | 2018-19 | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| | 2018-19 | 200000 | പാലിയേറ്റീവ് ഹോംകെയർ | 200000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ | ബിൽ നം..0818831/ തി 20/11/2018 | 5,44,840 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 5,44,840 |
| | | ചെക്ക് നം 1059446/ തി. | 39,633 | ,, | 39,633 |

| | | | | | |
|---|---|---|---|---|---|
| | | 04.12.2018 | | | |
| കെ.എസ്.ഇ.ബി | ഏറാൻ ചിറ്റ അംഗനവാടി - ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് | ചെക്ക് നം 1059446/ തി. 04.12.2018 | 13,311 | „ | 13.311 |
| കെ.എസ്.ഇ.ബി | ചെത്തിപ്പുഴത്തട്ട് പടയങ്കല്ല് റോഡ് വീതി കൂട്ടൽ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് | ബിൽ നം..0818831/ തി 20/11/2018 | 75,000 | „ | 75,000 |
| | | ബിൽ നം..0818831/ തി 20/11/2018 | 77,930 | „ | 77,930 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(R.t.).നം. 453/10ത.സ്വ.ഭ.വ. തി. 09-02-10 | 1,61,77,500 | 5,02,520 | 0 | - | 5,02,520 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (MS) നം 68/2018 തസ്വഭവ. തി.18-5-2018 &ജി.ഒ (MS) നം 111/2018 തസ്വഭവ. തി.13-8-2018 | 2,42,71,184 | 0 | 0 | 0 | 2,42,71,184 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,53,225/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3(1) | 80,271/- | എം.ഡി സെബാസ്റ്റ്യൻ കോൺട്രാക്ടർ | 118010103162/ dt 27.11.2018 |
| 2016-17 | 2 (7) | 56.350/- | റിലയൻസ് ജിയോ .. | 118010400010/ dt 01.12.2018 |
| 2014-15 | 3-1 (2) | 14,723/- | ജനോവ.കെ.വി അസി.എഞ്ചിനിയർ | 118010101009/ dt.23.5.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 1,881/- | അസി.എഞ്ചിനിയർ | 118010100823/ |

| | | | | |
|---|---|---|---|---|
| | | | | dt.10.5.2018 |
| | ആകെ | 1,53,225/- | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-2015 | 2(1) | 2016-17 | ഖണ്ഡിക 2 – അനുബന്ധം 4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-2016 | 2(9), 2(10) | 2016-17 | ഖണ്ഡിക 2 – അനുബന്ധം 5 | തൊഴിൽ നികുതി | തുടരുന്നു |

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,56,50,640/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,21,58,807/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,15,818/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,53,116/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 3-1 | - | ₹37,347 | അരുണിമ ജോസ് അസിസ്റ്റന്റ് എഞ്ചിനിയർ |
| | | ₹37,348 | കെ.എം.കുഞ്ഞുമോൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-2 | - | ₹ 86,436 | അരുണിമ ജോസ് അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനിയർ |
| | | ₹ 86,437 | കെ.എം.കുഞ്ഞുമോൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-3 | - | ₹68,250 | ജേക്കബ് ഉലഹന്നാൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 10,000 | ശ്രീമതി ലാലി മാണി , സെക്രട്ടറി |
| 1-19 | 71,744 | ശ്രീമതി ലാലി മാണി , സെക്രട്ടറി |
| | 1,14,671 | ശ്രീ. കൃഷ്ണകുമാർ കെ , സെക്രട്ടറി |
| 1-20 | 1,11,111 | ശ്രീ..എ.ബി.മൊയ്തീൻ അസി.സെക്രട്ടറി |
| | 4,61,970 | ശ്രീ. കൃഷ്ണകുമാർ കെ , സെക്രട്ടറി |
| 1-21 | 4,968 | ശ്രീ. കൃഷ്ണകുമാർ കെ , സെക്രട്ടറി |
| 1-23 | 7,50,714 | ശ്രീ. കൃഷ്ണകുമാർ കെ , സെക്രട്ടറി |
| 1-27 | 2,49,098 | ഡോ.പ്രിയ പി. മെഡിക്കൽ ഓഫീസർ അലോപ്പതി |
| 1-28 | 2,60,000 | ഡോ.പ്രിയ പി. മെഡിക്കൽ ഓഫീസർ അലോപ്പതി |
| 1-29 | 1,00,000 | ഡോ.പ്രിയ പി. മെഡിക്കൽ ഓഫീസർ അലോപ്പതി |
| 1.32 | 9,53,792 | ശ്രീമതി ലാലി മാണി , സെക്രട്ടറി |
| 1.33 | 2,73,798 | ശ്രീ. കൃഷ്ണകുമാർ കെ , സെക്രട്ടറി |
| 1-35 | 2,91,250 | ശ്രീ. ജേക്കബ് ഉലഹന്നാൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 36,53,116 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അരുണിമ ജോസ് അസി.എഞ്ചിനിയർ | ലഭ്യമല്ല | വെള്ളക്കട (വീട്) വള്ളിക്കടവ് , വള്ളിക്കടവ് .പി.ഒ, കാസറഗോഡ് ജില്ല |
| ജേക്കബ് ഉലഹന്നാൻ വി.ഇ.ഒ | വി.ഇ.ഒ പടന്ന ഗ്രാമ പഞ്ചായത്ത് | മൂലൻകുഴിയിൽ(വീട്), പരപ്പ പി,ഒ, പുലിയങ്കുളം, കാസറഗോഡ് ജില്ല പിൻ-671533 |
| കെ.എം.കുഞ്ഞുമോൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | സർവ്വീസിൽ നിന്നും വിരമിച്ചു. | അജന്ത ഹൗസ്, കറുകയിൽ, തട്ടംപള്ളി, ആലപ്പുഴ പിൻ.680013 |

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91<br>1991-92 | LF/KSD.10/199/ 16(7)dt. 09-02-2016 | 1 |
| 1992-93 to1995-96 | LF/KSD.10/199/ 16(8)dt. 09-02-2016 | 1 |
| 1996-97<br>(ചെലവ്) | LF/KSD. 10/199/ 16(9)dt. 09-02-2016 | 1 |
| 1997-98 (ചെലവ്) | LF/KSD. 10/199/ 16(10)dt. 09-02-2016 | 6 |
| 1998-99 | KSA/KSD.10/351/17 (1) dt.06-02-2018 | 5 |
| 1999-2000 | KSA/KSD.10/351/17 (2) dt.06-02-2018 | 6 |
| 2000-2001 | KSA/KSD.10/351/17 (3) dt.06-02-2018 | 10 |
| 2001-2002 | KSA/KSD.10/351/17 (4) dt.06-02-2018 | 2 |
| 2003-04 | LF/KSD. 3/731/09 dt.31-05-2010 | 7 |
| 2004-05 | LF/KSD. 3/732/09 dt.10-05-2010 | 3 |
| 2005-06 | LF/KSD.3/484/12 dt.09-08-2012 | 8 |
| 2006-07 | LF/KSD.3/408/12 dt.06-07-2012 | 8 |
| 2007-08 | LF/KSD.3/409/12 dt.9-8-2012 | 5 |
| 2008-09 | LF/KSD.3/509/12 dt.9-8-2012 | 8 |
| 2009-10 2010-11 | LF/KSD.7/238/14 dt.12-10-2015 | 16 |
| 2011-12 2012-13 | LF/KSD. 7/512/14 dt.14-01-2015 | 25 |
| 2013-14 | LF/KSD. 7/485/14 dt.07.09.2015 | 22 |
| 2014-15 | LF/KSD. 10/795/16 dt.29.07.2016 | 15 |
| 2015-16 | KSA/KSD. 10/61/17 dt.22.05.2017 | 33 |
| 2016-17 | KSA/KSD. 10/1023/17 dt.25.09.2017 | 28 |
| 2017-18 | KSA/KSD. 10/1292/18 dt.07.12.2018 | 35 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ.എസ്.എ/കെ.എസ്.ഡി.10 /155 /2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
ഫോൺ: 0499 4256690
ഇ-മെയിൽ: doksd.ksad@kerala.gov.in
തീയ്യതി: 11-03-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(11) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2 ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ്

Balal Grama Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4911881.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 13700.00 |
| 140000000 | Fee & User Charges | I-4(b) | 694860.00 |
| 150000000 | Sale & Hire Charges | I-5(b) | 229482.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 154707028.00 |
| 171000000 | Interest Earned | I-8 | 157715.00 |
| 180000000 | Other Income | I-9 | 29322.00 |
| | **Total Income** | | **160743988.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8826237.00 |
| 220000000 | Administrative Expenses | I-11(b) | 1707813.00 |
| 230000000 | Operations & Maintenance | I-12(b) | 684396.00 |
| 240000000 | Interest & Finance Charges | I-13 | 116684.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6877266.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 71168429.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 7039302.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1209968.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44448940.00 |
| 255000000 | Maintenance Projects | I-14(e) | 21693755.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 53558.00 |
| 272000000 | Depreciation | I-17(a) | 11852469.00 |
| | **Total Expenditure** | | **175678817.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-14934829.00** |
| 280000000 | Prior Period Item | I-18 | 253976.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-15188805.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-3 റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Balal Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 4252532.00 |
| Cash | Cash | RP-40(a) | 173428.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1269516.00 |
| 130000000 | Rental income from Panchayat Properties | RP-3 | 13700.00 |
| 140000000 | Fees & User Charges | RP-4 | 560160.00 |
| 150000000 | Sale & Hire Charges | RP-5 | 229482.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 76412119.00 |
| 171000000 | Interest Earned | RP-9 | 157715.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 34566507.00 |
| 350000000 | Other Liabilities | RP-36 | 123299.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 29322.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 24271184.00 |
| 340000000 | Deposits Received | RP-34 | 149406.00 |
| 350000000 | Other Liabilities | RP-36 | 213706.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7624524.00 |
| 460000000 | Loans, Advances and Deposits | RP-47 | 30000.00 |
| | **Grand total** | | **150076600.00** |
| | PAYMENTS | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2967476.00 |
| 220000000 | Administrative Expenses | RP-12 | 1707813.00 |
| 230000000 | Operations & Maintenance | RP-13 | 684396.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6877266.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 56573162.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5902245.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 516139.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 450340.00 |
| 255000000 | Maintenance Projects | RP-20 | 21693755.00 |
| 280000000 | Prior Period item | RP-26 | -134261.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 253081.00 |
| 350000000 | Other Liabilities | RP-36 | 6170110.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 116684.00 |
| 280000000 | Prior Period Item | RP-26 | -2160.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 45122.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1326240.00 |
| 410000000 | Fixed Assets | RP-38 | 5069388.00 |
| 412000000 | Capital work in Progress | RP-40 | 10358662.00 |
| 460000000 | Loans, Advances and Deposits | RP-47 | 1583349.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 27841747.00 |
| Cash | Cash | RP-40(b) | 76046.00 |
| | **Grand Total** | | **150076600.00** |

# <u>അനുബന്ധം-4 ബാലൻസ് ഷീറ്റ്</u>

Balal Grama Panchayat
BALANCE SHEET

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -24995684.85 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 88806984.00 |
| | **Total Reserve & Surplus** | | **63811299.15** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 34725691.00 |
| | **Total Grants, Contributions for Specific Purposes** | | **34725691.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 24773704.00 |
| | **Total Loans** | | **24773704.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 256031.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1784340.55 |
| | **Total Current Liabilities and Provisions** | | **2040371.55** |
| | TOTAL LIABILITIES | | **125351065.70** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 113384331.00 |
| 411000000 | Accumulated Depreciation | B-11 | -41981633.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **71402698.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | | **0.0** |
| | | | |

| | | | |
|---|---|---|---|
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 473487.70 |
| 440000000 | Pre-paid Expenses | B-16 | 24773704.00 |
| 450000000 | Cash and Bank Balance | B-17 | 27917793.00 |
| 460000000 | Loans, Advances and Deposits | B-18 | 783383.00 |
| | **Total Current Assets, Loans and Advances** | | **53948367.70** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | TOTAL ASSETS | | **125351065.70** |